25

# ഈ സന്ദേശങ്ങൾ നിങ്ങളും
# ജീവിതത്തിൽ പകർത്തണം

സമാഹരിച്ചത്


**Dr. N. GOPALAKRISHNAN** Ph.D., D.Litt.
(Scientist & Director IISH)



INDIAN INSTITUTE OF SCIENTIFIC HERITAGE
THIRUVANANTHAPURAM
www.iish.org

Heritage Publication Series - 120


Scanned with CamScanner

# ഈ സന്ദേശങ്ങൾ നിങ്ങളും ജീവിതത്തിൽ പകർത്തണം

സമാഹരിച്ചത്

**Dr. N. GOPALAKRISHNAN Ph.D., D.Litt.**
(Scientist & Director IISH)

INDIAN INSTITUTE OF SCIENTIFIC HERITAGE
**THIRUVANANTHAPURAM**
**www.iish.org**

**Heritage Publication Series - 120**

Scanned with CamScanner

ഈ സന്ദേശങ്ങൾ നിങ്ങളും ജീവിതത്തിൽ പകർത്തണം

**Dr. N. Gopalakrishnan** M.Sc. (pharm), M.Sc. (Chem), M.A. (Soc), Ph.D, D.Litt.
Scientist & Director, IISH

*Published by :*

**Indian Institute of Scientific Heritage (IISH)**
Registered Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018
www.iish.org Ph. 0471 - 2490149

Rs. 25/-

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

പ്രിയ വിദ്യാർത്ഥികളേ! രക്ഷകർത്താക്കളെ!

നന്മകൾ എവിടെ നിന്നു കേൾക്കുവാൻ സാധിച്ചാലും കാണുവാൻ സാധിച്ചാലും സ്വീകരിക്കുവാനുള്ള വിശാല മനസ്സുണ്ടാകണം. വേദങ്ങളും, ഉപനിഷത്തുകളും, ഗീതയും ഉൽഘോഷിക്കുന്നു ലോകത്തിലെല്ലായിടത്തുനിന്നും ജ്ഞാന-വിജ്ഞാനങ്ങൾ എന്നിലേക്കു വന്നു ചേരട്ടേയെന്ന്. അറിയാൻ വേണ്ടിമാത്രമല്ല നാം പഠിക്കുന്നത്. വിവരങ്ങളെ അറിവാക്കിയും, അറിവിനെ ബുദ്ധിവൈഭവമാക്കിയും, ബുദ്ധിവൈഭവത്തെ ജീവിതാനുഭവമാക്കിയും മാറ്റണം. അതാണ് ജീവിതം. അതിനാണ് അറിവ്. ഭാരതം അറിവിന്റെ നാടാണ്. അതുകൊണ്ടുതന്നെ ഭാരതത്തെ പുണ്യഭൂമി, യജ്ഞഭൂമി, ജ്ഞാനഭൂമി, കർമ്മഭൂമി എന്നെല്ലാം നാം വിളിക്കുന്നു. പുരാണേതിഹാസങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും അറിവിന്റെ മഹാസാഗരം, നമുക്കു ദർശിക്കാൻ സാധിക്കും, അറിവുകൾ ആസ്വദിക്കാനും, അനുഭവിക്കാനും, അതനുസരിച്ച് ജീവിതം കെട്ടിപ്പടുക്കാനുമുള്ള നന്മകൾ അതിലുണ്ട്.

അറിയാനും, അനുഭവിക്കാനും, ആവേശഭരിതരാകുവാനും, ആത്മാഭിമാനപൂരിതമാകുവാനും, അഹ്ലാദിക്കാനും ആത്മവിശ്വാസം വളർത്തുവാനും, ചൈതന്യവത്താക്കുവാനും, തളരാതിരിക്കാനും, തകരാതിരിക്കാനും, നിഷേധികളാകാതിരിക്കാനുമുള്ള അറിവുകൾ "ചരടുകൾ" പോലെ സൂത്രവാക്യരൂപത്തിൽ നമുക്ക് നൽകിയവരുണ്ട്. അവരുടെ നൂറുകണക്കിന് സന്ദേശങ്ങൾ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥികളായിരുന്നവർക്കും സമർപ്പിക്കുന്നു.

പൂർവകാല വൈഭവവും, വർത്തമാനകാലനന്മകളും, ഭാവികാല സ്വപ്നങ്ങളും സമഞ്ജസപ്പെടുത്താൻ, ആത്മീയതയും ശാസ്ത്രവും, ഭൗതീകതയും ശാസ്ത്രവും, പൈതൃകവും ആധുനികവും സമന്വയിപ്പിച്ച് നമുക്കൊരുമിച്ച് മുന്നേറാം. ജഗദീശ്വരാനുഗ്രഹമുണ്ടാകും!

ഭാരത പൈതൃക സേവയിൽ സ്വന്തം കുടുംബാംഗം

14-4-2013 (വിഷു) ഡോ.എൻ. ഗോപാലകൃഷ്ണൻ

# സ്വാമി വിവേകാനന്ദന്റെ ജീവിത സന്ദേശങ്ങൾ 1 – 80

❁ മറ്റുള്ളവർക്ക് നന്മചെയ്യുന്നതു പുണ്യം, തിന്മ ചെയ്യുന്നത് പാപവും. ❁ ശക്തിയും പൗരുഷത്വവുമാണ് ഗുണവിശേഷങ്ങൾ, ഭീരുത്വവും, ശക്തിയില്ലായ്മയുമാണ് ദോഷങ്ങൾ. ❁ സ്വാതന്ത്ര്യമാണ് നേട്ടം വെറുപ്പ് കോട്ടവും. ❁ ഏകത്വദർശനം മഹത്വവും വിവിധത്വദർശനം പാപവുമാണ്. ❁ സംശുദ്ധിയുള്ള കുറച്ചു പുരുഷന്മാരേയും സ്ത്രീകളേയും എനിക്ക് തരിക. ഞാനീ ലോകത്തെ ഇളക്കി മറിക്കാം. ❁ വികസനവും വളർച്ചയുമാണ് ജീവിതം. സങ്കുചിതത്വം മരണവും. ❁ സ്വാർത്ഥതയില്ലാത്ത പ്രവർത്തനമാണ് ധന്യമായ കർമ്മം. ❁ ബഹുഭൂരിപക്ഷത്തെ അകറ്റി നിർത്തിയതാണ് നമ്മുടെ ദേശത്തിനു പറ്റിയ ഏറ്റവും വലിയ തെറ്റ്. ❁ നിങ്ങൾ അശക്തനാണെന്നു വിചാരിച്ചാൽ അശക്തനായിത്തീരും. ശക്തനാണെന്നു വിചാരിച്ചാൽ ശക്തനായിത്തീരുകയും ചെയ്യും. ❁ മറ്റുള്ളവന്റെ നന്മയ്ക്കുവേണ്ടി ജീവിക്കുന്നവരാണ് യഥാർത്ഥത്തിൽ ജീവിക്കുന്നത്, മറ്റുള്ളവർ മരിച്ചതിനു തുല്യരാണ്. ❁ സത്യം ശുദ്ധമാണ്, അറിവാണ്, ശക്തിയാണ്, പ്രകാശമാണ്, ശക്തവുമാണ്. ❁ നിങ്ങളെ സ്വയം രക്ഷിക്കൂ. നിങ്ങൾ ആരേയും സഹായത്തിനായി കാത്തു നിൽക്കാതിരിക്കുക. ആരെങ്കിലും സഹായിക്കുമെന്നത് മധുരമുള്ള ഒരു തോന്നൽ മാത്രമാണ്. ❁ എഴുന്നേൽക്കൂ, ധീരനായിരിക്കൂ, ശക്തനായിരിക്കൂ, ഉത്തരവാദിത്വം സ്വന്തം ചുമലിൽ എറ്റെടുക്കൂ. ❁ നിങ്ങൾക്കാവശ്യമുള്ള എല്ലാ ശക്തിയും നിങ്ങളിൽ തന്നെയുണ്ട്. സ്വയം നിശ്ചയദാർഢ്യത്തോടെ മുന്നേറൂ. ❁ മാനവ സേവയാണ് മാധവ സേവ. ❁ സ്വധർമ്മം അനുഷ്ഠിച്ചുകൊണ്ട്, സത്യം പ്രചരിപ്പിച്ചതുകൊണ്ട് ജീവിതം അവസാനിക്കുന്നതാണ്, പുഴുവിനേപ്പോലെ ചാകുന്നതിനേക്കാൾ മഹത്വം. ❁ ഞാൻ അശക്തനാണെന്ന് പറയുന്നതിനേക്കാൾ വലിയൊരു പാപമില്ല. ❁ ലോകം മുഴുവനും നിങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നു സങ്കൽപിച്ച് കർമ്മം ചെയ്യൂ. ❁ ദശലക്ഷങ്ങൾ പട്ടിണിയിലും അജ്ഞതയിലും ജീവിക്കുന്നിടത്തോളം, അവരുടെ പണംകൊണ്ട് വിദ്യാഭ്യാസം നേടിയവനെ ഞാൻ ദേശദ്രോഹി എന്നു വിളിക്കും. ❁ ധർമ്മം എന്നത് അനുഭവമാണ്, സാക്ഷാത്കാരമാണ്, തത്വസംഹി



Scanned with CamScanner

തകളല്ല. വാചകക്കസർത്തല്ല, തത്വസിദ്ധാന്തങ്ങളല്ല. ❁ ബന്ധനങ്ങ ളില്ലാത്ത കർമ്മത്തിലൂടെ മാത്രമേ പരമസത്യത്തിലെത്തുകയുള്ളൂ. ❁ മുക്കുവന്റെയും, കർഷകന്റേയും, വേലക്കാരന്റേയും, കുടിലിൽ നിന്നു വേണം നവഭാരതം ഉയരാൻ. ❁ ഈ ലോകം ഒരു ജിംനേഷ്യമാണ് ശക്തരാകാനാണ് നാമിവിടെ വന്നിരിക്കുന്നത്. ❁ അവനവന്റെ കാലിൽ സ്വാശ്രയബോധത്തോടെ നിൽക്കാൻ കെൽപുണ്ടാക്കുന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ❁ സ്വാർത്ഥതയാണ് അധർമ്മം, നിസ്വാർത്ഥത ധർമ്മവും. ❁ കർമ്മത്തിലൂടെ തേഞ്ഞു പോകുന്നതാണ്, കർമ്മം ചെയ്യാതെ തുരുമ്പിക്കുന്നതിനേക്കാൾ ഉത്തമം. ❁ അവനവനിൽ വിശ്വാസമില്ലാത്തവനാണ് നിരീശ്വരവാദി. ❁ നാനാത്വത്തിൽ ഏകത്വം ദർശിക്കുന്നതാണ് ജ്ഞാനം. ❁ താഴ്ന്നവന് സ്വയം ഉയരാൻ സഹായിക്കുന്ന വിദ്യാഭ്യാസം നൽകുക എന്ന ഒരൊറ്റസേവനം നിങ്ങൾ ചെയ്യുക. ❁ ഭാരതം ഉയരുക തന്നെ ചെയ്യും. ആത്മീയതയുടെ ശക്തികൊണ്ട് മൃഗീയമായ മാംസപേശിയുടെ ശക്തികൊണ്ടായിരിക്കില്ലത്. ❁ രക്തത്തിലലിഞ്ഞു ചേർന്നിരിക്കുന്ന ശക്തി, ഞരമ്പുകളെ ത്രസിപ്പിക്കുന്ന ശക്തി, ഇരുമ്പുപോലുള്ള മസിലുകൾ, സ്റ്റീലുപോലുള്ള ഞരമ്പുകൾ, മൃദുവായ - ലോലമായ വാക്കുകളല്ല വേണ്ടത്. ❁ മാനസികമായും, ബുദ്ധിപരമായും, ആത്മീയമായും നിങ്ങളെ തളർത്തുന്ന എന്തെങ്കിലുമുണ്ടെങ്കിൽ അതാണ് വിഷം. അതിനെ പരിത്യജിക്കുക. ❁ ഏറ്റവും കുറഞ്ഞത് ഒരായിരം പൗരുഷത്വമുള്ള ആണുങ്ങളുടെ ത്യാഗമാണ് ഭാരതത്തിന് വേണ്ടത്. മൃഗങ്ങളെയല്ല. ❁ സത്യം മാത്രമാണ് ശക്തി, ലോകത്തിലെ എല്ലാ രോഗങ്ങൾക്കുമുള്ള ഔഷധം ശക്തിയാണ്. ❁ അസൂയയും ഭീരുത്വവും ത്യജിച്ച ഒരുമിച്ച് പ്രവർത്തിക്കുക. ❁ ഒരേ ഒരു ഈശ്വരനെ മാത്രമേ പൂജിക്കേണ്ടതുള്ളൂ. അത് മനുഷ്യനിൽ വസിക്കുന്ന ജീവാത്മാവിനെയാണ്. ❁ വേദാന്തപഠനമാണ് യഥാർത്ഥവും ശക്തിപരവുമായ പഠനം. ❁ തന്റെ പൂർവ്വീകരെ കുറിച്ച് ഒരു മനുഷ്യന് അപമാനം തോന്നിത്തുടങ്ങിയാൽ അത് അവസാനം അടുത്തുകൊണ്ടിരിക്കുന്നതിന്റെ ലക്ഷണമാണ്. ❁ ഉത്തിഷ്ഠിതാ, ജാഗ്രത, ലക്ഷ്യമെത്തുന്നതുവരെ വിശ്രമിക്കാതെ കർമ്മനിരതനാകുക. ❁ മറ്റെല്ലാ സമ്പത്തിനെക്കാളും

ശ്രേഷ്ഠമായത് പൗരുഷത്വമാണ്. ॐ ഒരുവന്റേയും കുറവുകൾകണ്ട് അവനെ വിലയിരുത്തരുത്. ॐ സമ്പൂർണനായ് ഒരു മനുഷ്യൻ എന്നും ധർമ്മമായ കർമ്മമനുഷ്ഠിക്കുന്നു. ॐ സകല കർമ്മങ്ങളിലും ധാർമ്മീക മൂല്യങ്ങൾ നിറയ്ക്കുക. ॐ നന്മനിറഞ്ഞ സുഹൃത്തുക്കളെ നില നിർത്തുകയാണ് ലോകത്തിലേറ്റവും പവിത്രമായത്. ॐ തത്വശാസ്ത്ര ങ്ങളുടെ അന്ത്യത്തിൽ മാറ്റങ്ങൾ ആരംഭിക്കുന്നു. ॐ മഹത്തായ ഏതു നേട്ടവും സാവധാനത്തിൽ നേടേണ്ടതാണ്. ॐ സ്വർണംകൊണ്ടുള്ള ചങ്ങലയും ഇരുമ്പുചങ്ങലപോലെ ചങ്ങലതന്നെയാണ്. ॐ മൃഗീയ വാസനകളെ മനുഷ്യരിൽ നിന്നകറ്റുകയാണ് സംസ്കാരം. ॐ ഒന്നിലും താല്പര്യമില്ലാത്തവനിലേക്ക് ഏല്ലാം എത്തിച്ചേരുന്നു. ॐ ചെളിയെ യകറ്റാൻ ചെളിക്കാകില്ല. വെറുപ്പിനെ വെറുപ്പുകൊണ്ടകറ്റാനാകില്ല. ॐ കുറേ വിവരങ്ങളെ തലച്ചോറിനകത്തേക്ക് കുത്തിനിറക്കലല്ല വിദ്യാഭ്യാസം. ॐ ശക്തനും ധർമ്മബോധമുള്ളവനുമായ മനുഷ്യനെ നിർമ്മിക്കലാണ് വിദ്യാഭ്യാസം. ॐ നന്മനിറഞ്ഞ ശീലങ്ങൾക്കും, ശക്ത മായ മനസ്സിനും, വികസിക്കുന്ന ബുദ്ധിശക്തിക്കും, സ്വാശ്രയത്തിനും വേണ്ടിയുള്ളതാണ് വിദ്യാഭ്യാസം. ॐ വിദ്യാഭ്യാസത്തിന് പാവപ്പെട്ട വർക്ക് എത്തുവാൻ അസാധ്യമെങ്കിൽ വിഭ്യാസം അവരിലെത്തണം, വയലിലേക്കും ഫാക്ടറികളിലേക്കും. ॐ വികാരനിർഭരമായ ഹൃദ യം, ആശയങ്ങൾ ഉൾക്കൊള്ളാൻ കഴിവുള്ള തലച്ചോറ്, പ്രവർത്തി ക്കാൻ ശക്തിയുള്ള കൈകൾ ഇവ മൂന്നുമാണിന്നത്തെ ആവശ്യം. ॐ താമസിക അലസതയിൽ നിന്ന് രാജസീക ശക്തിയിലേക്കുയരു കയാണ് ഭാരതത്തിന്റെ ഇന്നത്തെ ആവശ്യം. ॐ അനന്തമായ ക്ഷമ, അനന്തമായ പരിശുദ്ധി, അനന്തമായ ശ്രമം, വിജയത്തിന്റെ രഹസ്യ ങ്ങളതാണ്. ॐ സ്വാർത്ഥതയും മറ്റുള്ളവരേക്കാൾ ശ്രേഷ്ഠമായതി ലുള്ള ആഗ്രഹങ്ങളുമാണ് തിന്മകൾക്ക് കാരണം. ॐ നിർഭയത്വം എന്ന മതം മാത്രമേ പഠിപ്പിക്കേണ്ടതുള്ളൂ. ॐ ലോകത്തിനെ സഹായിക്കു മ്പോൾ നാം നമ്മെത്തന്നെ സഹായിക്കുന്നു. ॐ ഹിന്ദുധർമ്മം എന്തി ലെങ്കിലുമുള്ള വിശ്വാസമല്ല, തത്വശാസ്ത്രങ്ങളുമല്ല, സാക്ഷാത്കാര ത്തിനുള്ള മാർഗമാണതിലുള്ളത്. ॐ ധർമ്മബോധത്തിലും ആത്മീയ തയിലും ഹിന്ദുക്കളെന്നും ഉന്നതരാണ്. ॐ മനുഷ്യത്വത്തിന്റെ മഹത്വ



Scanned with CamScanner

ത്തെക്കുറിച്ച് ഹിന്ദുക്കളെപോലെ മറ്റാരും പ്രചരിപ്പിച്ചിട്ടില്ല. ❁ തെറ്റിൽ നിന്ന് ശരിയിലേക്കുള്ള പ്രയാണമല്ല മനുഷ്യന്റേത്. സത്യത്തിൽ നിന്ന് സത്യത്തിലേക്കുള്ളതായിരിക്കണം മനുഷ്യപ്രയാണം. ❁ അലസത യാണ് യഥാർത്ഥ തിന്മ, നമ്മുടെ ദാരിദ്രത്തിന്റെ കാരണവുമതാണ്. ❁ ആത്മീയത, അതെ ആത്മീയതമാത്രമാണ് ഭാരതം. അതു നശി ച്ചാൽ ഭാരതം മരിക്കും. ❁ ആത്മസാക്ഷാത്കാരമാണ് ഭാരതധർമ്മം. ❁ ധർമ്മബോധം, തത്വശാസ്ത്രം, ആത്മീയത ഇവയാണ് ഭാരതം ലോകത്തിനു നൽകിയ സമ്മാനങ്ങൾ. ❁ ഭാരതം, ലോകത്തെ കീഴട ക്കണം. അതിൽ കുറഞ്ഞതൊന്നും എന്റെ ലക്ഷ്യമല്ല. ❁ ദയയും സഹനശക്തിയും, ഭാരതത്തിൽ നിന്ന് ലോകം ഇനിയും പഠിക്കേണ്ട തുണ്ട്. ❁ നമ്മുടെ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റേയും നേതാക്ക ന്മാർ രാജാക്കന്മാരോ പട്ടാളക്കാരോ ആയിരുന്നില്ല. ഋഷിവര്യന്മാരാ യിരുന്നു. ❁ തെറ്റുകുറ്റങ്ങളെക്കുറിച്ചും കള്ളത്തരങ്ങളെക്കുറിച്ചും ചർച്ച ചെയ്യാൻ സമയദൈർഘ്യം ഈ ജീവിതത്തിനില്ല. ❁ ഇന്ദ്രിയ ങ്ങൾക്കടിമയാകുമ്പോഴാണ് ലോകത്തിൽ ദുഃഖമുണ്ടാകുന്നത്. ❁ മറ്റൊരു രാഷ്ട്രത്തെപോലെയാക്കാൻ നമ്മളെ വളയ്ക്കാനും ഒടി ക്കാനും സാധ്യമല്ല. ❁ രാഷ്ട്രത്തിന്റെ നന്മയിലാണ് നാം ഓരോരു ത്തരുടേയും നന്മ കുടികൊള്ളുന്നത്. ❁ ഒരു ഔൺസ് കർമ്മം ആയിരം പൗണ്ട് തത്വസിദ്ധാന്തങ്ങളേക്കാൾ മഹത്താണ്. ❁ ചിന്തയി ലും, വാക്കിലും, പ്രവർത്തിയിലുമുള്ള പരിശുദ്ധിയാണ് ധർമ്മത്തിന്റെ ലക്ഷണം. ❁ ആത്മീയ വീക്ഷണത്തിൽ പരിശുദ്ധിയില്ലാതെ സാമൂ ഹിക മാറ്റം അസാദ്ധ്യമാണ്. ❁ (ഭാരതത്തിൽ) ആത്മീയതയും ശാസ്ത്രവും ഒരുമിച്ചു കണ്ടുമുട്ടുക തന്നെ ചെയ്ത് പരസ്പരം അഭി വാദ്യങ്ങളർപ്പിക്കും. ❁ വിശക്കുന്നവന്റെ മുമ്പിൽ മതം വിളമ്പുന്നത് അവനെ അവഹേളിക്കലാണ്. ❁ എല്ലാ മതങ്ങളുടേയും ലക്ഷ്യം ഒന്നു തന്നെയാണ്. പ്രചാരകന്മാരുടെ ഭാഷ വ്യത്യാസപ്പെട്ടിരിക്കുന്നു. ❁ ഭാരതത്തിൽ സംസ്കൃത ഭാഷയും ആത്മാഭിമാനവും പൂരകങ്ങളാണ്. ❁ അടിമത്തമനോഭാവമുള്ളവന് അടിമയെ സൃഷ്ടിക്കാനുള്ള ശക്തി ക്കാണാഗ്രഹം.



Scanned with CamScanner

## വിദുരൻ നൽകിയ ജീവിതസന്ദേശങ്ങൾ 81-154

1. ക്രോധം, ഹർഷം, ഗർവ്വം, ലജ്ജ, ഉദ്ദണ്ഡത, താൻ പൂജ്യനാണെന്ന ഭാവം എന്നീ ദോഷങ്ങൾ ഏതൊരു പുരുഷനെ തന്റെ പുരുഷാർത്ഥ പ്രാപ്തിയിൽനിന്ന് പിന്തിരിപ്പിക്കുന്നില്ലയോ ആ പുരുഷനെ പണ്ഡി തനെന്ന് പറയുന്നു. (2) ഏതൊരുവന്റെ പ്രാപഞ്ചിക ബുദ്ധി ധർമ്മ ത്തിനും അർത്ഥത്തിനും അനുസരിച്ച് മാത്രം പ്രവർത്തിക്കുന്നുവോ, ഭോഗത്തെ തിരസ്കരിച്ച് പുരുഷാർത്ഥപ്രാപ്തിയെ ഇച്ഛിക്കുന്നുവോ, അദ്ദേഹം പണ്ഡിതനാണ്. (3) ചൂട്, തണുപ്പ്, ഭയം, സുഖം, സമൃദ്ധി, ദാരിദ്ര്യം ഇത്യാദി സാഹചര്യങ്ങൾ പ്രവർത്തനങ്ങൾക്ക് വിഘ്നമായി ഭവിക്കരുത്. ഇപ്പറഞ്ഞ സാഹചര്യങ്ങളെ വിസ്മരിച്ചുകൊണ്ടുതന്നെ തന്റെ കർമ്മങ്ങളനുഷ്ഠിക്കുക. (4) തന്റെ കഴിവിനനുസരിച്ച് മാത്രം ചെയ്യുവാൻ ആഗ്രഹിക്കുക, തന്റെ കഴിവ് മുഴുവനും ഉപയോഗിച്ച് പ്രവർത്തിക്കുക, ഒന്നിനേയും നിസ്സാരമായി കണക്കാക്കാതിരിക്കുക. (5) വളരെനേരം കേട്ടുകൊണ്ടിരിക്കുക, എളുപ്പത്തിൽ കാര്യങ്ങൾ മന സ്സിലാക്കുക, സാരം ഗ്രഹിച്ചതിനുശേഷം പ്രവർത്തിക്കുക, തന്നോടു ചോദിക്കാതെ അന്യരുടെ കാര്യങ്ങളിൽ ഇടയ്ക്ക് കടന്ന് പറയാതിരി ക്കുക. (6) കിട്ടാത്തതിൽ ആഗ്രഹിക്കാതിരിക്കുക, നഷ്ടപ്പെട്ടതിൽ ദുഃഖിക്കാതിരിക്കുക, ആപത്തിൽ മനസ്സ് പതറാതിരിക്കുക. (7) നല്ല വണ്ണം ആലോചിച്ചുറച്ചതിനുശേഷം പ്രവർത്തനമാരംഭിക്കുക. ആരം ഭിച്ച പ്രവർത്തനങ്ങൾ ഇടയിൽവച്ച് നിർത്താതിരിക്കുക സമയം വ്യർത്ഥമാക്കാത്ത ആത്മനിയന്ത്രണമുള്ളവനായിരിക്കുക. (8) തന്നെ സ്തുതിച്ചാൽ സന്തോഷിക്കുകയോ, അപമാനിച്ചാൽ സന്തപിക്കു കയോ ചെയ്യാതെ, ഗംഗാനദിയിലെ കയംപോലെ മനസ്സ് അക്ഷോഭ്യ മായിരിക്കുക. (9) അഭ്യസ്ഥവിദ്യനല്ലാതിരുന്നിട്ടും ഗർവ്വിയായവൻ, ദരി ദ്രനായിരുന്നിട്ടും ആകാശക്കോട്ടകൾ കെട്ടുന്നവൻ, യാതൊരു പ്രവൃ ത്തിയും ചെയ്യാതിരുന്ന് ധനം സമ്പാദിക്കുവാൻ ആഗ്രഹിക്കുന്നവൻ - ഇത്തരക്കാർ മൂർഖന്മാരാണ്. (10) ഇങ്ങോട്ട് സ്നേഹിക്കാത്തവരെ അങ്ങോട്ടു സ്നേഹിക്കുക, ഇങ്ങോട്ട് സ്നേഹിക്കുന്നവരെ പരിത്യജി ക്കുക, ബലവാന്മാരുമായി വൈരത്തിൽ വർത്തിക്കുക - ഇവരെ മൂഢ ബുദ്ധികളായിട്ടാണ് അറിയേണ്ടത്. (11) താൻ ചെയ്യുന്ന പണികളെപ്പറ്റി പറഞ്ഞുപരത്തുന്നവൻ, എല്ലായിടത്തും സംശയം ദർശിക്കുന്നവൻ,



Scanned with CamScanner

എളുപ്പത്തിൽ ചെയ്തുതീർക്കാവുന്ന പണിയും വളരെ താമസിച്ചു മാത്രം ചെയ്യുന്നവൻ, ഇവൻ മൂഢനാണ്. (12) വിളിക്കാതെ അകത്തേക്ക് കയറി ചെല്ലുന്നവൻ, ചോദിക്കാതെതന്നെ വളരെയധികം സംസാരിക്കുന്നവൻ, അവിശ്വസനീയരായവരെ വിശ്വസിക്കുന്നവൻ, ഇവർ മൂഢബുദ്ധികളാണ്. (13) ഏതൊരാൾ ധാരാളം വിദ്യയും ഐശ്വര്യവും സമ്പാദിച്ചുകൂട്ടി യാതൊരഹങ്കാരവും കുടാതിരിക്കുന്നുവോ അവനെ അനുകരിക്കുക. (14) ഒറ്റക്ക് സ്വാദുള്ള പദാർത്ഥം ഭക്ഷിക്കരുത്, ഒറ്റയ്ക്ക് കാര്യവിചാരം ചെയ്ത് തീരുമാനമെടുക്കരുത് ഒറ്റക്ക് ദൂരയാത്ര ചെയ്യരുത്, കുറേപേർ ഉറങ്ങുന്നതിനിടയിൽനിന്ന് ഒരാൾമാത്രം എഴുന്നേല്ക്കരുത്. (15) ക്ഷമാശീലരായ പുരുഷന്മാരുടെ ഏകദോഷത്തെ ഒരു ദോഷമായി കരുതേണ്ടതില്ല. എന്തെന്നാൽ ക്ഷമയാണ് ഏറ്റവും വലിയ ശക്തി. അശക്തരുടെ ശക്തിയാണ് ക്ഷമ. ബലവാന്മാർക്ക് ഭൂഷണമാണ് ക്ഷമ. (16)ധർമ്മം ഒന്ന് മാത്രമാണ് പരമമായ ശ്രേയസ്സ്. ക്ഷമയാണ് ശാന്തി നേടുവാനുള്ള ഉത്തമമാർഗ്ഗം. വിദ്യ മാത്രമാണ് പരമതൃപ്തിക്കുള്ള ഏകമാർഗ്ഗം. അഹിംസ മാത്രമാണ് സുഖപ്രാപ്തിക്കുള്ള ഏകപന്ഥാവ് (17) ശരീരത്തെ ശോഷിപ്പിക്കുന്ന മൂർച്ചയുള്ള രണ്ടു മുള്ളുകളാണ്, ഒന്ന് ധനികനല്ലാതിരുന്നിട്ടും അനവധികാര്യങ്ങളിൽ ആഗ്രഹം വച്ചുപുലർത്തലും രണ്ട്, യാതൊരു സാമർത്ഥ്യവുമില്ലാതിരുന്നിട്ടും സദാ കോപിച്ചുകൊണ്ടിരിക്കലും. (18) രണ്ടുതരത്തിലുള്ള പുരുഷന്മാരാണ് സ്വർഗ്ഗത്തിനുമേലെ സ്ഥിതി ചെയ്യുന്നത്: ഒന്ന്, ശക്തിയുള്ളവരായിരുന്നിട്ടും ക്ഷമാശീലരായിരിക്കുന്നവർ; രണ്ട്, ദരിദ്രരായിരുന്നിട്ടും ദാനശീലരായിരിക്കുന്നവർ. (19) മിത്രം, ശത്രു, ഉദാസീനൻ, ആശ്രയം കൊടുക്കുന്നവൻ, ആശ്രയം തേടുന്നവൻ ഈ അഞ്ചു പേർ, അങ്ങയെ അനുഗമിക്കുന്നു. (20) ശ്രേയസ്സ് ആഗ്രഹിക്കുന്ന പുരുഷൻ ആറ് ദോഷങ്ങളെ പരിത്യജിക്കേണ്ടതാണ്. ഉറക്കം, മടി, ഭയം, ക്രോധം, ആലസ്യം, ദീർഘസൂത്രത ഇവയാണ് ഈ ആറു ദോഷങ്ങൾ. (21) മനുഷ്യൻ ആറ് ഗുണങ്ങളെ ഒരിക്കലും ഉപേക്ഷിക്കരുത്. സത്യം, ദാനം, അനാലസ്യം, ശുഷ്കാന്തി, അനസൂയ, ക്ഷമ, ധൈര്യം എന്നിവയാണ് ഈ ആറു ഗുണങ്ങൾ. (22) ഈ ലോകത്തിൽ ജീവിക്കുന്നവൻ അനുഭവിക്കേണ്ടത് ആറുസുഖങ്ങളാണ്. സമ്പത്തിന്റെ വർദ്ധനവ്, രോഗപീഡകൾ ഇല്ലായ്മ, സ്നേഹമുള്ളവളും അനുകൂലമായി സംസാരിക്കുന്നവളുമായ ഭാര്യ, പറഞ്ഞതു കേട്ടുനടക്കുന്ന മകൻ, താൻ പഠിച്ച വിദ്യകൊണ്ട് ധനം സമ്പാദിക്കു



Scanned with CamScanner

വാനുള്ള കഴിവ് എന്നിവയാണ് ഈ ആറ് ഐഹിക സുഖങ്ങൾ. (23) ആറുപേർ തങ്ങളുടെ പൂർവോപകാരികളെ ആദരിക്കാറില്ല. പഠിത്തം അവസാനിച്ച ശിഷ്യൻ ആചാര്യനെ, വിവാഹിതനായ മകൻ മാതാവിനെ, കാമപൂർത്തിവന്ന പുരുഷൻ സ്ത്രീയെ, കാര്യം സാധിച്ചു കഴിഞ്ഞ പുരുഷൻ തന്റെ സഹായിയെ, നദി മറുകര കടന്നശേഷം തോണിയെ, രോഗവിമുക്തനായവൻ വൈദ്യനെ, സ്മരിക്കാറില്ല. (24) രോഗവിമുക്തമായുള്ള അവസ്ഥ, കടക്കാരനല്ലാതിരിക്കൽ, പരദേശ വാസിയാകാതിരിക്കൽ, നല്ല മനുഷ്യരുമായിട്ടുള്ള സുഹൃദ്ബന്ധം, സ്വന്തം പ്രയത്നംകൊണ്ടുള്ള ഉപജീവനം, ഭയരഹിതമായ ജീവിതം, ഈ ആറെണ്ണമാണ് മനുഷ്യജീവിതത്തിലെ സുഖങ്ങൾ. (25) ഈർഷ്യവെച്ചു പുലർത്തുന്നവൻ, വെറുപ്പ് വളർത്തിക്കൊണ്ടുവരുന്നവൻ, സദാ അസന്തുഷ്ടനായിരിക്കുന്നവൻ, എല്ലായിപ്പോഴും കോപിക്കുന്നവൻ, എപ്പോഴും ശങ്കിക്കുന്നവൻ, അന്യരുടെ ഭാഗ്യത്തെ ആശ്രയിച്ചു ജീവിക്കുന്നവൻ, ഇവർ നിത്യദുഃഖിതരായിക്കഴിയുന്നു. (26) വ്യസനത്തെ വരുത്തിവെയ്ക്കുന്നതും, നാശഹേതുവുമായ ഏഴു ദോഷങ്ങളെ സദാ ത്യജിക്കേണ്ടതാകുന്നു. സ്ത്രീസേവാ, ചൂതുകളി, മദ്യപാനം, നായാട്ട്, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർത്ഥദുർവ്യയം ഇവയാകുന്നു ആ ഏഴു ദോഷങ്ങൾ. (27)പുരുഷന്റെ കീർത്തിയെ വർദ്ധിപ്പിക്കുന്നത് എട്ടു ഗുണങ്ങളാണ്. ബുദ്ധിശക്തി, കുലീനത, മനോനിയന്ത്രണം, ശാസ്ത്രജ്ഞാനം, പരാക്രമം, മിതഭാഷിത്വം, സ്വശക്തിക്കനുസരിച്ചുള്ള ദാനതല്പരത, കൃതജ്ഞത. (28) മദ്യപിച്ചവൻ, അഹങ്കാരി, ഭ്രാന്തൻ, ക്ഷീണിതൻ, ക്രോധാക്രാന്തൻ, വിശന്നു വലഞ്ഞവൻ, തിടുക്കം പിടിച്ചോടുന്നവൻ, ലോഭത്തിനു വശംവദനായവൻ, ഭയഭീതൻ, കാമാന്ധൻ. ഇവരിൽനിന്ന് ധർമ്മാനുസൃതമായ പ്രവൃത്തികൾ പ്രതീക്ഷിച്ചുകൂടാ. (29) ഏതൊരുവൻ ചോദിക്കപ്പെടുമ്പോൾ യാഥാർത്ഥ്യം തുറന്നു പറയുന്നുവോ, സുഹൃത്തിനുവേണ്ടി വാഗ്വാദം ഒഴിവാക്കുന്നുവോ, ആദരവ് കിട്ടാതിരുന്നാലും കോപിക്കാതിരിക്കുന്നുവോ, സദാ വിവേകം കൈവിടാതെ പെരുമാറുന്നുവോ, അന്യരുടെ ദോഷങ്ങളെ കാണാൻ ഇഷ്ടപ്പെടാതിരിക്കുന്നുവോ, സർവ്വരിലും ദയയോടെ വർത്തിക്കുന്നുവോ, സ്വയം ദുർബലനായിരിക്കെ മറ്റൊരാൾക്ക് ജാമ്യം നില്ക്കാതിരിക്കുന്നുവോ, ഉച്ചത്തിൽ സംസാരിക്കുന്നുവോ,

അന്യരുടെ വാദമുഖത്തെ ക്ഷമയോടെ കേൾക്കുവാൻ തയ്യാറാകുന്നുവോ, അത്തരത്തിലുള്ളവർ എങ്ങും പ്രശംസനീയരായിത്തന്നെയിരിക്കുന്നു. (30) ഏതൊരുവൻ ഔദ്ധത്യത്തോടെ വേഷധാരണം ചെയ്യുന്നില്ലയോ, അന്യരോട് തന്റെ പൗരുഷത്തെപ്പറ്റി ആത്മപ്രശംസ ചെയ്യുന്നില്ലയോ, കോപാവിഷ്ടനാകുമ്പോൾകൂടി കടുത്ത വാക്കുകൾ പറയാതിരിക്കുന്നുവോ ആ പുരുഷനെ ലോകം സ്നേഹത്തോടെ സ്വീകരിക്കുന്നു. (31) ഏതൊരു ബുദ്ധിമാൻ ദംഭം, മോഹം, മാത്സര്യം, പാപകർമ്മങ്ങൾ, രാജദ്രോഹം, പരവഞ്ചന, സാമുദായിക വൈരം, ഇവകൾ ചെയ്യാതിരിക്കുന്നുവോ, മദ്യപാനി, ഉന്മത്തൻ, ദുർജ്ജനങ്ങൾ എന്നിവരുമായി വാഗ്വാദത്തിൽ ഏർപ്പെടാതിരിക്കുന്നുവോ, അദ്ദേഹം ശ്രേഷ്ഠൻതന്നെ. (32) ഏതൊരുവൻ സകല ജീവജാലങ്ങൾക്കും ശാന്തിയും സമാധാനവും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നുവോ, സത്യസന്ധനും മൃദുല സ്വഭാവിയും അന്യരെ ആദരിക്കുന്നതിൽ തല്പരനും ശുദ്ധനുമായ സ്വഭാവത്തോടുകൂടിയവനും ആകുന്നുവോ, അദ്ദേഹം രത്നത്തെപ്പോലെ സ്വജനസമൂഹത്തിൽ പ്രസന്നതയോടെ ശോഭിക്കുന്നു. (33) ധീരനായ പുരുഷൻ ആദ്യമായി താൻ ചെയ്യാൻ പോകുന്ന പ്രവൃത്തിയുടെ പ്രയോജനത്തെപ്പറ്റിയും അനന്തരഫലത്തെപ്പറ്റിയും അതിൽകൂടിയുള്ള ഉന്നതിയുടെ സാദ്ധ്യതയെപ്പറ്റിയും വേണ്ടപോലെ ചിന്തിച്ച് വിലയിരുത്തിയിട്ടുവേണം പ്രവൃത്തി ആരംഭിക്കാൻ. (34) തേനീച്ച, വണ്ട് എന്നീ ഷഢ്പദങ്ങൾ പൂക്കളെ നോവിക്കാതെ ഏതുവിധത്തിലാണോ അവയിൽനിന്നും തേൻ ശേഖരിക്കുന്നത് അതുപ്രകാരം രാജാവ് പ്രജകളെ കഷ്ടപ്പെടുത്താതെ അവരിൽ നിന്ന് കരം പിരിച്ചെടുക്കേണ്ടതാണ്. (35) ഈ കാര്യം ചെയ്യുന്നതുകൊണ്ട് തനിക്കെന്താണ് ഗുണം, ചെയ്യാതിരുന്നാൽ എന്താണ് ദോഷം എന്നിങ്ങനെ കർമ്മങ്ങളെക്കുറിച്ച് വേണ്ടവിധത്തിൽ ഗഹനമായി ചിന്തിച്ചിട്ടുവേണം പുരുഷൻ തന്റെ കർമ്മങ്ങൾ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാൻ. (36) ഭ്രാന്തന്മാരുടെ ആക്രോശങ്ങളിൽനിന്നും ബാലന്മാരുടെ ജല്പനങ്ങളിൽ നിന്നും സാരമായത് എല്ലാംതന്നെ ഗ്രഹിക്കണം. എങ്ങനെ എന്നാൽ കല്ലുകളിൽനിന്ന് സ്വർണ്ണം സംഭരിക്കുന്നതുപോലെ. (37) സദാചാര രഹിതനായ വ്യക്തിയുടെ കുലം ഉയർന്നതായതുകൊണ്ട് അയാൾ മാന്യനാകുന്നില്ല. താണകുലത്തിൽ ജനിച്ചവന്റെ

ആചാരം ശ്രേഷ്ഠമാണെങ്കിൽ അവനെ വിശിഷ്ടനായിത്തന്നെ കണക്കാക്കണം. (38) അറിവുകൊണ്ടുള്ള അഹങ്കാരം, സമ്പത്തുകൊണ്ടുള്ള അഹങ്കാരം, മൂന്നാമത് ഉന്നതകുലജാതനാണെന്ന അഹങ്കാരം - ഈ അഹങ്കാരങ്ങൾ സാധാരണജനങ്ങളിൽ മദത്തെയാണ് വർദ്ധിപ്പിക്കുന്നത്. പ്രത്യുത സജ്ജനങ്ങളിൽ ഇവ ദമത്തെ - താഴ്മയെയാണ് - വളർത്തുന്നത്. (39) ഈ മനുഷ്യശരീരം ഒരു രഥമാണ്. ബുദ്ധി അതിന്റെ സാരഥിയാണ് ഇന്ദ്രിയങ്ങൾ കുതിരകളാണ്. ഈ ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ തന്റെ വശത്തിൽ നിർത്തുവാൻ സാമർത്ഥ്യമുള്ള ധീരനായ പുരുഷൻ നല്ല പാകത വന്ന കുതിരകളെ പൂട്ടിയ രഥത്തിൽ എന്നപോലെ സുഖമായി സഞ്ചരിക്കുന്നു; ജീവിക്കുന്നു. (40) അസൂയയില്ലായ്മ, ആർജ്ജവം, പവിത്രത, സന്തോഷം, പ്രതീയുളവാക്കുന്ന സംഭാഷണരീതി, അടക്കവും ഒതുക്കവും, സത്യഭാഷണം, നിശ്ചയദാർഢ്യം - ഈ വക ഗുണങ്ങൾ ദുരാത്മാക്കളായ പുരുഷന്മാരിൽ ഒരിക്കലും ഉണ്ടാവുകയില്ല. (41) ആത്മജ്ഞാനം, ക്രോധരാഹിത്യം, സഹനശീലത, ധർമ്മപരായണത, വാക്കുപാലിക്കൽ, ദാനസ്വഭാവം ഈവക ഗുണങ്ങളൊന്നും അധമപുരുഷന്മാരിൽ ഉണ്ടാകുന്നതല്ല. (42) മധുരമായ വാക്കുകളിലൂടെ പറയുന്ന ഒരു കാര്യം പലവിധത്തിൽ ഗുണകരമായി ഭവിക്കുന്നു. എന്നാൽ അതേകാര്യം തന്നെ പരുഷമായ വാക്കുകളിൽകൂടെ പറയുന്നതായാൽ അനർത്ഥങ്ങൾക്കും കാരണമാകുന്നു. (43) വാർദ്ധക്യം സൗന്ദര്യത്തെ നശിപ്പിക്കുന്നു. ആഗ്രഹം ധൈര്യത്തെ നശിപ്പിക്കുന്നു. മരണം പ്രാണികളെ നശിപ്പിക്കുന്നു, അസൂയ ധർമ്മാചരണബോധത്തെ നശിപ്പിക്കുന്നു, ക്രോധം ഐശ്വര്യത്തെ നശിപ്പിക്കുന്നു, കാമം ലജ്ജയെ നശിപ്പിക്കുന്നു, അഹങ്കാരം സർവ്വതും നശിപ്പിക്കുന്നു. (44) സത്കർമ്മങ്ങളുടെ ആചരണംകൊണ്ട് ശ്രീ ഉണ്ടാകുന്നു. പ്രാഗല്ഭ്യംകൊണ്ട് അത് വർദ്ധിക്കുന്നു. ചാതുര്യത്താൽ അതിന്റെ വേരുകൾ ദൃഢതയാർജ്ജിക്കുന്നു. സംയമംകൊണ്ട് ആ ശ്രീ സുസ്ഥിരമാകുന്നു. (45) സത്യം, സത്സ്വഭാവം, ശാസ്ത്രജ്ഞാനം, വിദ്യ, കുലീനത, ശീലം, ബലം, ധനം, ശൂരത, മധുരസംഭാഷണം ഈ പത്തു ഗുണങ്ങൾ സ്വർഗ്ഗപ്രാപ്തിക്കു സഹായകങ്ങളാകുന്നു. (46) ഉരിയാടാതിരിക്കൽ സംസാരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്നാണ് അറിവുള്ളവർ പറയുന്നത്. സത്യമായത് പറയുന്നത് വാക്കിന്റെ രണ്ടാമത്തെ ഗുണമാണ്. സത്യമായത് പ്രിയങ്കരമായി പറയുകയാണെങ്കിൽ

അത് വാക്കിന്റെ മൂന്നാമത്തെ ഗുണമായിത്തീരും. സത്യവും പ്രിയവുമായത് ധർമ്മാനുസൃതമായിട്ടുകൂടി പറഞ്ഞാൽ അത് വാക്കിന്റെ നാലാമത്തെ ഗുണമായി പരിഗണിക്കേണ്ടതാണ്. (47) ഏതുവിധം ആൾക്കാരുമായി സഹവസിക്കുന്നുവോ ഏതുവിധം ആൾക്കാരെ പരിചരിക്കുന്നുവോ, താൻ എങ്ങനെയാകണമെന്ന് സ്വയം ഇച്ഛിക്കുന്നുവോ ആ വ്യക്തി അതുപോലെത്തന്നെയായിത്തീരുന്നു. (48) സമ്പത്ശേഷി അധികമില്ലാത്ത കുലങ്ങളായിരുന്നാലും സദാചാര സമ്പന്നമാണെങ്കിൽ അവ ഉത്തമകുലങ്ങളാണ്. അത്തരം കുടുംബങ്ങളുടെ യശസ്സ് വർദ്ധിച്ചുവരികയും ചെയ്യും. (49) പെട്ടെന്ന് കോപിക്കുകയും കാരണമില്ലാതെ സന്തോഷിക്കുകയും ചെയ്യുന്നത് ദുർജ്ജനങ്ങളുടെ ലക്ഷണമാണ്. (50) ബുദ്ധികൊണ്ടാലോചിച്ചു ഭയത്തെ നിർമ്മാർജ്ജനം ചെയ്യാം. തപസ്സനുഷ്ഠിച്ച് മഹത്ത്വത്തെ പ്രാപിക്കാം. ഗുരുശുശ്രൂഷകൊണ്ട് ജ്ഞാനത്തെ സമ്പാദിക്കാം. യോഗാഭ്യാസംകൊണ്ട് മനഃശാന്തിയും നേടാം. മനഃശാന്തിയാണല്ലോ പരമസുഖമായ അവസ്ഥ. (51) എന്നാൽ പരസ്പരം തൂണുകളെപ്പോലെ ഒന്ന് മറ്റൊന്നിന് സഹായകമായി സ്ഥിതി ചെയ്താൽ എല്ലാവരും അഭിവൃദ്ധി പ്രാപിക്കും. (52) തന്നോട്, ഏതുവിധത്തിൽ പെരുമാറുന്നുവോ അതേവിധത്തിൽതന്നെ ആ മനുഷ്യരോട് അങ്ങോട്ടും പെരുമാറണം. കാപട്യം കാണിക്കുന്നവരോട് അങ്ങോട്ടും കാപട്യം തന്നെ കാണിക്കണം. നല്ലവിധത്തിൽ ഇങ്ങോട്ട് പെരുമാറുന്നവരോട് നല്ലവിധത്തിൽ അങ്ങോട്ടും പെരുമാറണം. ഇതാണ് ധർമ്മം അനുശാസിക്കുന്നത്. (53) എല്ലായ്പോഴും പ്രിയം പറയുന്നവരെ സുലഭമായി കാണാൻ സാധിക്കും. എന്നാൽ അപ്രിയ്മാണെങ്കിലും ഗുണകരമായ കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നവരും, ആ കാര്യങ്ങളെ ശ്രദ്ധയോടെ കേൾക്കുന്നവരും തുലോം ദുർല്ലഭമാകുന്നു. (54) ഒരു കുലത്തെ രക്ഷിക്കുവാൻ ഒരു വ്യക്തിയെ ഉപേക്ഷിക്കണം. ഒരു ഗ്രാമത്തെ രക്ഷിക്കുവാൻ ഒരു കുലത്തെ ത്യജിക്കണം, ഒരു രാജ്യത്തെ രക്ഷിക്കുവാൻ ഗ്രാമത്തെ ത്യജിക്കണം മോക്ഷം ലഭിക്കുവാൻ ഈ ഭൂമിയെത്തന്നെ ഉപേക്ഷിക്കണം. (55) ആദ്യമായി ചേയ്യേണ്ടത് വരവ്ചെലവു മുഴുവനും കൃത്യമായി കണക്കാക്കി ഉചിതമായ വേതനാദികൾ നിശ്ചയിച്ച്, പ്രാപ്തിയുള്ള നല്ല ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയാണ്. എത്ര പ്രയാസമുള്ള പദ്ധതിയായിരുന്നാലും നല്ല പ്രാപ്തിയുള്ള ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ എളുപ്പത്തിൽ ചെയ്തു

തീർക്കുവാൻ സാധിക്കും. (56) അഹങ്കാരമില്ലായ്മ, ധൈര്യം, വേഗം പണിചെയ്തു തീർക്കുവാനുള്ള കഴിവ്, ദയ, സാമർത്ഥ്യം, മറ്റുള്ളവരുടെ പ്രലോഭനങ്ങൾക്ക് വശംവദനാകാതിരിക്കൽ, അരോഗദൃഢഗാത്രത, ഔദാര്യത്തോടെ സംസാരിക്കാനുള്ള കഴിവ് ഈ എട്ടു ഗുണങ്ങളോടുകൂടിയവൻ ദൂതകൃത്യത്തിന് നിയോഗിക്കപ്പെടുവാൻ യോഗ്യനാകുന്നു. (57) ദിവസേന സ്നാനം ചെയ്യുന്ന സ്വഭാവമുള്ളവർക്ക് ബലം, രൂപം മധുരസ്വരം, നല്ലനിറം, കോമളത, സ്പർശഗുണം, സുഗന്ധം, പവിത്രത, ശോഭ, സൗകുമാര്യം എന്നീ പത്തുഗുണങ്ങൾ ഉണ്ടാകുന്നു. (58) വനമില്ലെങ്കിൽ വ്യാഘ്രങ്ങൾക്ക് രക്ഷയില്ല. വ്യാഘ്രങ്ങളില്ലെങ്കിൽ വനത്തിനും രക്ഷയില്ല. വനമാണ് വ്യാഘ്രങ്ങളെ രക്ഷിക്കുന്നത്. അതുപോലെ വ്യാഘ്രങ്ങളാണ് വനത്തേയും രക്ഷിക്കുന്നത്. ഈ ആശ്രയത്തിന്റെ പ്രസക്തിയും പ്രായോഗികതയും ഇന്നും നിലനിൽക്കുന്നു. (59) കലഹം നിരർത്ഥകമാണ്. മൂഢന്മാരെ അതിനൊരുമ്പെടുകയുള്ളു. ബുദ്ധിമാന്മാർ കലഹം വർജ്ജിക്കണം. അങ്ങനെ ചെയ്യുന്നതുകൊണ്ട് പ്രാജ്ഞരുടെ കീർത്തി വർദ്ധിക്കുന്നു. അനർത്ഥങ്ങൾ ഒഴിവാകുന്നു. (60) സത്സ്വഭാവം, വയസ്സ്, ബുദ്ധി, ധനം, ആഭിജാത്യം എന്നിവയുള്ള സജ്ജനങ്ങളെ മൂഢന്മാർ സദാ അപമാനിക്കുന്നു. ഇത് അവരുടെ ജന്മസ്വഭാവമാണ്. (61) ക്ഷേമത്തെ ആഗ്രഹിക്കുന്ന മനുഷ്യർ തങ്ങളുടെ ബന്ധുക്കളുടെ അഭിവൃദ്ധിയേയും കാംക്ഷിക്കേണ്ടതാണ്. അതുകൊണ്ട് മുഴുവൻ വംശത്തിന്റേയും അഭിവൃദ്ധിക്കായി പ്രവർത്തിക്കേണ്ടതാകുന്നു. (62) സഹോദരന്മാരുമായി ഒന്നിച്ചിരുന്നാഹാരം കഴിക്കുക, പരസ്പരം സംഭാഷണം ചെയ്യുക, അന്യോന്യം സൗഹൃദത്തിൽ വർത്തിക്കുക ഇവയൊക്കെയാണ് ചെയ്യേണ്ടത്. ഒരിക്കലും പരസ്പരം വിരോധിക്കരുത്. (63) ഈ ലോകത്തിൽ ബന്ധുസഹോദരന്മാർ തന്നെയാണ് പരസ്പരം ആപത്തിൽനിന്ന് കരകയറ്റുന്നതും വെള്ളത്തിൽ മുക്കുന്നതും. സദ്വൃത്തരായ സഹോദരന്മാർ ഭ്രാതാക്കളെ ആപത്തിൽനിന്ന് രക്ഷിക്കുന്നു. ദുർവൃത്തർ തങ്ങളുടെ സഹോദരന്മാരെ വെള്ളത്തിൽ മുക്കുന്നു. (64) ശുക്രാചാര്യരൊഴികെ ബാക്കി മനുഷ്യരാരും നിയമത്തെ മറികടക്കാതിരുന്നിട്ടില്ല. അതുകൊണ്ട് കഴിഞ്ഞുപോയതെല്ലാം കഴിഞ്ഞു. വരാനിരിക്കുന്ന കാര്യങ്ങളെപ്പറ്റി ചിന്തിച്ച് വേണ്ടപോലെ ചെയ്യേണ്ടത് ബുദ്ധിമാൻമാരുടെ കടമ

യാണ്. (65) മനസ്സോട് മനസ്സിണങ്ങുകയും, രഹസ്യങ്ങൾ പരസ്പരം പങ്കിടുകയും ബുദ്ധിയോട് ബുദ്ധി യോജിപ്പിക്കുകയും ചെയ്യുന്ന പുരുഷന്മാരുടെ മൈത്രീബന്ധം ഒരിക്കലും ശിഥിലമാകുന്നില്ല. (66) അഹങ്കാരിയും മൂർഖനും ക്രോധിയും സാഹസികനും അധാർമ്മികനുമായ വ്യക്തിയുമായി മൈത്രീബന്ധത്തിൽ വർത്തിക്കരുത്. (67) മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും മനുഷ്യൻ ഏതിനെയാണോ നിരന്തരം സേവിക്കുന്നത് ആ വസ്തു ആ പുരുഷനെ തന്നിലേക്കാകർഷിക്കുന്നു. ആയതുകൊണ്ട് നല്ലവനായി ജീവിക്കുവാനാഗ്രഹിക്കുന്നവൻ മംഗളകരങ്ങളായ കർമ്മങ്ങളാണനുഷ്ഠിക്കേണ്ടത്. (68) നൈരാശ്യത്തിന്നധീനനാകാതിരിക്കുകയാണ് ഐശ്വര്യത്തിന്റേയും ലാഭത്തിന്റേയും ശുഭത്തിന്റേയും അടിസ്ഥാനം. അതുകൊണ്ട് സദാ കർമ്മനിരതനായിരിക്കുക. അങ്ങനെയുള്ള മനുഷ്യൻ മഹാനായിത്തീരുന്നു. അനന്തമായ സുഖവും അനുഭവിക്കുന്നു. (69) കുബുദ്ധികൾ, ആർജ്ജവത്തോടും ആർജ്ജവം മൂലമുണ്ടാകുന്ന ലജ്ജാശീലത്തോടും കൂടിയ ജനങ്ങളെ അശക്തരാണെന്ന് ധരിച്ച് ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. (70) സുഖേച്ഛുക്കൾ എങ്ങനെയാണ് വിദ്യനേടുക? വിദ്യാർത്ഥികൾക്ക് സുഖാസക്തിയുണ്ടായിരിക്കരുത്. സുഖേച്ഛുക്കൾ വിദ്യയെ ത്യജിക്കണം, വിദ്യയെ ആഗ്രഹിക്കുന്നവർ സുഖത്തേയും ത്യജിക്കണം. (71) എത്രയധികം വിറകുകൊണ്ടും അഗ്നി തൃപ്തിപ്പെടുന്നില്ല. എത്ര നദികൾ വന്നുചേർന്നാലും സമുദ്രം തൃപ്തി പ്രാപിക്കുന്നില്ല. സകല പ്രാണികളുടെ ജീവൻ ഹരിച്ചാലും മൃത്യുവിന്ന് തൃപ്തിവരുന്നില്ല. (72) ആഗ്രഹം ധൈര്യത്തെ നശിപ്പിക്കുന്നു. അന്തകൻ സമൃദ്ധിയെ നശിപ്പിക്കുന്നു, ക്രോധം ഐശ്വര്യത്തെ നശിപ്പിക്കുന്നു, പിശുക്ക് സത്കീർ ത്തിയെ നശിപ്പിക്കുന്നു, പരിപാലിക്കാത്ത പശുക്കൾ നശിച്ചുപോകുന്നു, ക്രുദ്ധനായ പണ്ഡിതൻ ഒരു രാഷ്ട്രത്തെ മുഴുവനും നശിപ്പിക്കുന്നു. (73) മരിച്ചുപോയ മനുഷ്യരുടെ ധനം മറ്റുള്ളവർ അനുഭവിക്കുന്നു. അവരുടെ ശരീരത്തിലെ ധാതുക്കൾ പക്ഷികൾ ഭക്ഷിക്കുന്നു. ശരീരത്തെ അഗ്നി ദഹിപ്പിക്കുന്നു. ഈ മനുഷ്യർ താന്താങ്ങൾ ചെയ്തിട്ടുള്ള പുണ്യപാപങ്ങളാൽ പരിവേഷ്ടിതരായി പരലോകത്തേക്ക് യാത്രപുറപ്പെടുന്നു.



Scanned with CamScanner

# മാതാ അമൃതാനന്ദമയീ ദേവി നൽകിയ ഉപദേശങ്ങൾ

**155 - 278**

1. ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെയാണ് ശാസ്ത്രപഠനവും ധ്യാനവും. നാണയത്തിലെ മുദ്ര നിഷ്കാമസേവനമാണ്. ഈ മുദ്രയാണ് നാണയത്തിന് മൂല്യം നൽകുന്നത്. (2) ശാസ്ത്രത്തിൽ പഠിച്ചത് പ്രവൃത്തിയിൽ തെളിയണം. ഇവിടെയാണ് ജ്ഞാനയോഗം കർമ്മയോഗത്തിലേക്ക് ഒഴുകുന്നത്. എം.ബി.ബി.എസിൽ പഠിച്ചത് ഹൗസ് സർജ്ജൻസിയിൽ പ്രയോഗിക്കുന്നതുപോലെ. (3) സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ വാസനകൾ താനെ പ്രവൃത്തിപഥത്തിലെത്തും. ഐസിൽ കിടക്കുന്ന പാമ്പിന് അവിടെനിന്നും മാറ്റി ചൂട് കൊടുത്താൽ പാമ്പിന്റെ സ്വതസിദ്ധവീര്യം കാണിക്കും. (4) ഞാനെന്ന ഭാവത്തിൽനിന്ന് എളിമയിലേക്ക് വരുമ്പോൾ മാത്രമേ അഹങ്കാരത്തിന്റെ കൂർത്തമുനകൾ നശിക്കൂ. മലമുകളിലെ മുനകളുള്ള കല്ല് ഉരുട്ടി താഴെയിട്ടാൽ, മുനകൾപോയി ഉരുളൻ കല്ലായി മാറുന്നതുപോലെ. അഹങ്കാരത്തിന്റെ മലമുകളിൽനിന്ന് നമ്മൾ എളിമയിലെ താഴ്വാരത്തിലെത്തണം. (5) സാധകന്റെ കർമ്മമെല്ലാം സാധനയാണ്. ഏത് പ്രശ്നം നേരിടാനും വേണ്ടതായ മനഃസംയമനത്തിന് ഉത്തമമാർഗം കർമയോഗമാണ്, നിഷ്കാമകർമ്മത്തിലൂടെയുള്ള സാധന. (6) പൂവിന്റെ സൗരഭ്യം അറിയാൻ മൊട്ടുവിടരുന്നതുവരെ ക്ഷമയോടെ കാത്തിരിക്കണം. ക്ഷമയില്ലാതെ മൊട്ടുവലിച്ചുപറിച്ചു തുറന്നു വാസനിച്ചാൽ സുഗന്ധമുണ്ടാകില്ല. (7) ഒരു കല്ല് ശിൽപിയുടെ മുമ്പിൽ കുറെ ദിവസങ്ങൾ ക്ഷമയോടെ കാത്തിരുന്നതുകൊണ്ടാണ് അതിന് സുന്ദരമായ ശിൽപരൂപം കൈവന്നത്. (8) സുന്ദരമായ വിഗ്രഹം എല്ലാവരും പൂജിക്കുന്നതലത്തിലേക്ക് ഉയരുന്നതിനുമുമ്പ്, മൂർച്ചയുള്ള ഉളികൊണ്ട് ലക്ഷക്കണക്കിന് കൊത്തുകൾ കൊത്തി. അതെല്ലാം ക്ഷമയോടെ സഹിച്ചാണ് "ഞാൻ" വിഗ്രഹമായത് എന്ന് ആ കല്ല് നമ്മെ ഓർമ്മിപ്പിക്കുന്നു. (9) സീറോ ആയാൽ ഹീറോ ആകാം എന്നുപറയുന്നത് അഹങ്കാരത്തിന്റെ "ഞാൻ" ഇല്ലാതാകുന്നതിനെപ്പറ്റിയാണ്. (10) നിരന്തരമായ ശ്രമത്തിലൂടെ നമുക്കുചുറ്റുമുള്ളവരെ നന്മയുടെ മാർഗത്തിലേക്ക് നയിക്കാം, അതുമല്ലെങ്കിൽ അതിലൂടെ നമുക്കെങ്കിലും നന്നാകാൻ സാധിക്കും. അതും സാധിച്ചില്ലെങ്കിൽ നാം അധപതിക്കു



Scanned with CamScanner

ന്നത് തടയാനെങ്കിലും സാധിക്കും. (11) ഒഴുക്കിനെതിരെ നീന്തുന്ന വ്യക്തിക്ക് ഒരിഞ്ച് മുമ്പോട്ടു പോകാൻ സാധിക്കില്ലായിരിക്കാം. പക്ഷേ അങ്ങിനെ നീന്തുന്നത്കൊണ്ടാണ് പുറകോട്ടുപോകാതിരിക്കുന്നത്. (12)നമ്മുടെ മനസ്സാകുന്ന വിളക്കിൽ വിശ്വാസമാകുന്ന തിരികത്തിക്കുക. ലോകം മുഴുവനും പ്രകാശം നൽകാൻ സാധിച്ചില്ലെങ്കിലും നമുക്കു ചുറ്റുമുള്ള അന്ധകാരമെങ്കിലും മാറിക്കിട്ടും. (13)ആരും ശ്രദ്ധിക്കാതെ വഴിയരുകിൽ നിന്നിരുന്ന ഒരു ദുഃഖിതനായ ഒരുവനെ കണ്ട് നിങ്ങൾ ഒന്നു ചിരിച്ചാൽപോലും ആ ചെറുചിരി, ദുഃഖിതനായ മനുഷ്യന് അസാധാരണമായ ഒരുനുഭൂതി നൽകും. ജീവിതത്തിൽ പകർത്താവുന്ന ഒരു ചെറിയ വലിയകാര്യം. (14) നമ്മൾ ഒരു ചങ്ങലയിലെ കണ്ണികൾപോലെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവരാണ്. നമ്മൾ ചെയ്യുന്ന കർമ്മം അറിഞ്ഞോ അറിയാതേയോ മറ്റുള്ളവരെ സ്വാധിനീക്കുന്നുണ്ട്. (15) കണ്ണിന് ചെറുതും വലുതും, അടുത്തുള്ളതും ദൂരെയുള്ളതുമായ വസ്തുക്കളെയെല്ലാം കാണുവാൻ സാധിക്കുന്നതുപോലെയാകണം നമ്മുടെ മനസ്സും. ഏതു സാഹചര്യത്തിലും അതിനനുയോജ്യമായി പ്രവർത്തിക്കാൻ സാധിക്കണം. (16) വിവേകവും ഉണർവുമുള്ള മനുഷ്യരായിത്തീരുകയാണുവേണ്ടത്. അനുസരണയുള്ള ഒരു യന്ത്രമാകുന്നതിനുള്ളതല്ല മനുഷ്യജന്മം. (17) സാധാരണ ജീവിതം, റോഡിൽകൂടി വണ്ടിയോടിക്കുന്നതുപോലെയാണങ്കിൽ ആദ്ധ്യാത്മികജീവതം വിമാനം പറത്തുന്നതുപോലെയാണ്. വണ്ടിക്ക് ഭൂമിയിലല്ലാതെ അൽപം പോലും ഉയരാൻ സാധ്യമല്ല. വിമാനത്തിനോ........? ഉയരുകയും താഴുകയും ചെയ്യാം. (18)നാം ചെയ്ത കർമ്മങ്ങളുടെ ഫലം മാത്രമേ നാം അനുഭവിക്കുന്നുള്ളൂ. അറിഞ്ഞുതെറ്റു ചെയ്താലും അറിഞ്ഞുകൊണ്ടൊരു തെറ്റും ചെയ്തിട്ടില്ലെങ്കിലും കർമ്മഫലം കൂടെയുണ്ടാകും. (19) ജീവിതത്തിൽ ആകെകൂടി രണ്ടുകാര്യമാണ് മനുഷ്യരിൽ നടക്കുന്നത്. കർമ്മം ചെയ്യുക. ഫലം അനുഭവിക്കുക. (20) ഒന്നും നമ്മുടെ ഇച്ഛക്കൊത്തല്ല നടക്കുന്നത്. നമ്മുടെ ഇച്ഛക്കൊത്താണ് നടക്കുന്നതെങ്കിൽ പത്തു മുട്ട വിരിയാൻ വെച്ചാൽ പത്തും വിരിയണമായിരുന്നു. അതു സംഭവിക്കാറില്ലല്ലോ! (21) ചെയ്യുന്ന കർമ്മത്തിനെല്ലാം പ്രതീക്ഷിച്ച ഫലംതന്നെ സിദ്ധിക്കണമെന്നില്ലാത്തതുകൊണ്ട്, ഫലത്തിൽ പ്രതീക്ഷവെക്കാതെ കർമ്മത്തിൽ



Scanned with CamScanner

ശ്രദ്ധിക്കാൻ ശ്രീകൃഷ്ണൻ ഉപദേശിച്ചു. കൂലിവാങ്ങാതെ ജോലിചെയ്യാൻ ഭഗവാൻ പറഞ്ഞിട്ടില്ല. (22) നീന്തലറിയുന്നവനുമാത്രമേ സമുദ്രത്തിലെ തിരകളെ ആസ്വദിക്കുന്ന അനുഭവം ലഭിക്കൂ. തടസ്സങ്ങൾ അനുഭവങ്ങളിലൂടെ അനുഭൂതികളാക്കി മാറ്റുക. (23) ജീവിതം സുഖവും ദുഃഖവും നിറഞ്ഞതാണ്. ഒരു പെൻഡുലംപോലെ സുഖത്തിൽനിന്നും ദുഃഖത്തിലേക്കും അവിടെനിന്നും തിരിച്ചും. (24) നിസ്വാർത്ഥരായ ഋഷിമാർ കാരുണ്യം കൊണ്ട് ലോകത്തിനാകെ നൽകിയതാണ് സനാതനധർമ്മം. (25) ജീവിക്കാൻ വായുവും വെള്ളവുംപോലെ ആവശ്യമാണ് സത്യാന്വേഷികൾക്ക് സനാതനധർമ്മമൂല്യങ്ങൾ. (26) ശരിയായ രീതിയിൽ കർമ്മം ചെയ്യുവാനുള്ള അറിവാണ് ജ്ഞാനം. വയൽ കിളച്ച്, വളമിട്ട്, വെള്ളമൊഴിച്ച്, എല്ലാം ചെയ്താലും വിത്തിടാതിരുന്നാൽ കൊയ്ത്ത് നടക്കുകയില്ല. (27) ഉപനിഷത്തുക്കളും, ഭഗവദ്ഗീതയും, ബ്രഹ്മസൂത്രവും, രാമായണവും മഹാഭാരതവുമെല്ലാം എക്കാലത്തും ഏതുമനുഷ്യരും ഗ്രഹിക്കേണ്ട ശാശ്വത സത്യങ്ങളെയാണുൾക്കൊള്ളുന്നത്. (28) ആരോഗ്യശാസ്ത്രവും, മനഃശാസ്ത്രവും, സാമൂഹ്യശാസ്ത്രവുംപോലെ തന്നെ സനാതനധർമ്മശാസ്ത്രഗ്രന്ഥങ്ങളും എല്ലാവർക്കും ഉൾക്കൊള്ളാൻ കഴിയണം. (29) കുട്ടികൾക്ക് തത്തയുടേയും മൈനയുടേയും പടം കാണിച്ചു പഠിപ്പിക്കുന്നതുപോലെ ആദ്ധ്യാത്മികതയുടെ തുടക്കക്കാർക്ക് ഈശ്വരനെ വിഗ്രഹരൂപത്തിൽ കാണാനും ഉപാസിക്കാനും സാധിക്കുന്നു. ആത്മീയതയുടെ ഉയർന്ന മണ്ഡലത്തിൽ എത്തിയാൽ ഈ ചിത്രം വേണമെന്നില്ല. (30) സർവ്വചരാചരങ്ങളിലും ഈശ്വരനുണ്ടെങ്കിൽ തീർച്ചയായും വിഗ്രഹത്തിലും ഈശ്വരനുണ്ട് എന്നതാണ് സത്യം. (31) പ്രപഞ്ചത്തിലെ ജീവനുള്ളതിലും, ഇല്ലാത്തതിലും, സർവതിലും ഈശ്വരനെ ദർശിച്ച് സ്നേഹിക്കുവാനും സേവിക്കുവാനുമുള്ള മനസ്സിനെ വളർത്തിയെടുക്കുവാനുള്ള പരിശീലനമാണ് വിഗ്രഹാരാധന. (32) ഒരു രാഷ്ട്രത്തിന്റെയോ പാർട്ടിയുടെയോ കൊടി ഒരു പക്ഷേ അഞ്ചോ പത്തോ രൂപ വിലവരുന്ന തുണികഷ്ണമായിരിക്കാം. പക്ഷേ ആ കൊടിയിൽ നാം ദർശിക്കുന്നത് ഒരു പ്രസ്ഥാനത്തിന്റെ അല്ലെങ്കിൽ രാഷ്ട്രത്തിന്റെ പ്രതിരൂപമാണ്. അതുപോലെ വിഗ്രഹത്തിൽ ഹിന്ദുക്കൾ ദർശിക്കുന്നത് മഹത്തായ ഈശ്വരചൈതന്യ പ്രതിരൂപമാണ്. (33) വിഗ്രഹത്തിനു മുമ്പിൽ ചെന്നാലും നാം



Scanned with CamScanner

കണ്ണടച്ചാണ് പ്രാർത്ഥിക്കുന്നത്. വിഗ്രഹത്തിലുള്ള ചൈതന്യത്തെ ദർശിക്കുവാനും മനസ് അതിലേക്ക് പ്രയാണം ചെയ്യുവാനും മാത്രമാണ് വിഗ്രഹം. (34) വിഗ്രഹാരാധന എതിർക്കുന്നവരും വിഗ്രഹത്തെ പൂജിക്കുന്ന വരാണ്. കൃസ്തുവിന്റെ ക്രൂശിത രൂപവും, കുരിശും, മുസ്ലീമുകളുടെ ക അബയും, പള്ളിയും എല്ലാം വ്യത്യസ്തരീതിയിലുള്ള വിഗ്രഹാരാധനതന്നെ. (35) നമ്മുടെ കർമ്മങ്ങൾ തന്നെയാണ് സ്വർഗവും നരകവും സൃഷ്ടിക്കുന്നത്. ഇതു രണ്ടും ഇവിടെത്തന്നെ നമുക്ക് അനുഭവിക്കാം. (36) അഴുക്കുള്ള പാത്രത്തിൽ പാൽ എടുത്താൽ പാൽ ചീത്തയാകും. അതുകൊണ്ട് പാത്രം ആദ്യം ശുദ്ധീകരിക്കണം. നമ്മെത്തന്നെ ആദ്യം ശുദ്ധീകരിക്കണം, അതിൽ ആത്മീയക്ഷീരം സ്വീകരിക്കാൻ. (37) ഈശ്വരകൃപ നമ്മിലെത്താനുള്ള ഒരേ ഒരു വഴി വിനയമാണ്. (38) മനുഷ്യബുദ്ധിയിലൂടെ വികസിച്ച ശാസ്ത്രത്തിന് ധ്യാനത്തിലൂടെ മാത്രമേ പൂർണതയുണ്ടാകു. (39) ആത്മാവിനെക്കുറിച്ചുള്ള അറിവിലൂടെ മാത്രമേ ശാസ്ത്രത്തിന് അതിന്റെ പരമമായ ലക്ഷ്യത്തിലെത്താൻ സാധിക്കൂ. (40) ആധുനികശാസ്ത്രം അറിവിനെ രണ്ടായിതിരിക്കുന്നു. അറിയാത്തതും അറിയുന്നതും. പരീക്ഷണത്തിലൂടെ ശാസ്ത്രജ്ഞന്മാർ അറിയാത്തത് അറിഞ്ഞെന്നുവന്നേക്കാം. പക്ഷേ ആത്മസത്തയുടെ ജ്ഞാനം പരീക്ഷണത്തിലൂടെ സാധിക്കുന്നതിനപ്പുറമാണ്. (41) പ്രപഞ്ചത്തെയാകെ നിയന്ത്രിക്കുന്ന പരമമായ ഒരു ശക്തിയിലുള്ള വിശ്വാസമാണ് ഈശ്വരവിശ്വാസം. (42) സകല ജീവരാശികളിലും തുടിക്കുന്ന ജീവചൈതന്യത്തിന്റെ താളവും ശ്രുതിയും ഒന്നാണ്. (43) ഭൗതീകമായി വളരുന്നതോടൊപ്പം ആത്മീയമായും നാം വളരണം. (44)ഈലോകം ഒരു പുഷ്പം പോലയാണ്. ഓരോ രാഷ്ട്രവും അതിലെ ഇതളുകളാണ്. ഒരിതളിൽ പുഴുക്കുത്തുണ്ടായാലും പുഷ്പത്തിന്റെ സൗന്ദര്യത്തെയും പുഷ്പത്തിന്റെ മൂല്യത്തേയും അത് ബാധിക്കും. (45) ജീവാത്മ-പരമാത്മബന്ധം, അതായത് അദ്വൈതസിദ്ധാന്തം നമ്മെ ശക്തരാക്കുവാനുള്ളതാണ്. അനന്തശക്തിയുടെ ഉടമയാണ് നീ എന്നറിയിക്കുന്നതാണ്, അദ്വൈതം. (46) അദ്ധ്യാത്മീകം വാക്കാൽ പറയാനുള്ളതല്ല. ജീവിക്കാനുള്ളതാണ്. (47) മനുഷ്യന്റെ ദുഃഖത്തിനുള്ള കാരണം അമിതമായ ആഗ്രഹമാണ്. (48) ഭൗതീകസുഖങ്ങളുടെ പരമകാഷ്ടയിലെത്തിയാൽ മന



Scanned with CamScanner

ശാന്തി ലഭിക്കുമെന്ന് വ്യാമോഹിക്കരുത്. (49) ഭാരതസംസ്കാരം നമുക്കമ്മയാണ്. അമ്മയെ വന്ദിച്ചില്ലെങ്കിലും നിന്ദിക്കരുത്. നിന്ദിക്കപ്പെടാൻ ഇടകൊടുക്കുകയുമരുത്. (50) ഒരു പക്ഷിയുടെ രണ്ടു ചിറകുകൾപോലെ സ്ത്രീപുരുഷന്മാർ തുല്യപങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഒരു സമൂഹമാണ് അമ്മ മുന്നിൽ കാണുന്നത്. അതിലൂടെയാണ് മാനവരാശിയുടെ ഉയർച്ചയും വികാസവും. (51) ഭൗതികതക്കു പ്രാധാന്യം കൊടുക്കുന്ന രാജ്യങ്ങളിലുള്ള സ്ത്രീകൾ ആത്മീയതയിലേക്കുണരണം. ഇടുങ്ങിയ മതത്തിന്റെ ചട്ടക്കൂട്ടിൽ കഴിയുന്ന രാജ്യങ്ങളിലെ സ്ത്രീകൾ ഭൗതീകതയിലേക്കുണരണം. (52) നമ്മുടെ അഹങ്കാരം 'തലയി'ലാണ്. അതു കുനിച്ചുവണങ്ങുമ്പോൾ കുറെ അഹങ്കാരമെങ്കിലും പോയിക്കിട്ടും. (53) കുടയുടെ ബട്ടൺ ഉള്ളിലേക്ക് അമരുന്നത് കുട വികസിക്കാനാണ്. നാം ഉള്ളിലേക്ക് നോക്കണം. വികസിക്കാൻ വേണ്ടിയാകണമത്. (54) കെട്ടിടത്തിന്റെ അടിത്തറ എത്ര താഴ്ത്തുന്നുവോ അത്രയും നിലകൾ കെട്ടിടത്തിൽ പണിതുയർത്താം. ജീവിതത്തിൽ ഉയരണമെങ്കിൽ അടിത്തറ താഴണം. (55) വിത്തിന്റെ തോട് പൊട്ടിയാലെ അത് വൃക്ഷമാകൂ. അഹങ്കാരത്തിന്റെ തോടുപൊട്ടിയാലെ മനുഷ്യൻ വളർന്ന് വലുതാകൂ. (56) ചെറിയ ചെടി വേലി കെട്ടി സംരക്ഷിക്കണം. അതു വലിയ വൃക്ഷമായാൽ ആനയെപോലും അതിൽ കെട്ടാം. തുടക്കത്തിൽ യമ-നിയമങ്ങളിലൂടെ സാധന ചെയ്യണം. (57) കാറിനും വാഹനങ്ങൾക്കും ട്രാഫിക് നിയമങ്ങൾ പാലിക്കണം. സ്വതന്ത്രമായി, ആകാശത്തിൽ പറക്കുന്ന പക്ഷിക്ക് ട്രാഫിക് നിയമങ്ങളില്ല. ഉയർന്ന് കഴിഞ്ഞാൽ ചട്ടക്കൂടുകളുപേക്ഷിക്കാം. (58) നാടകകർത്താവ് താനുണ്ടാക്കിയ നാടകം കാണുമ്പോൾ അതിലെ ദുഃഖരംഗങ്ങൾ കണ്ടുകരയാറില്ല. സ്വയം ദുഃഖത്തെ സൃഷ്ടിക്കുന്ന നാം കരയുന്നതെന്തു വിഡ്ഢിത്തം. (59) ആനന്ദം മറ്റു വസ്തുക്കളിൽനിന്നു ലഭ്യമല്ല. അത് നമ്മുടെ ഉള്ളിൽ നിന്നു ലഭ്യമാക്കണം. (60) ജീവിതം കുട്ടികളെപോലെ ആനന്ദിക്കാനും ഉല്ലസിക്കാനുമുള്ളതാണ്. എന്നാൽ അത്, മറ്റുള്ളവർക്ക് ദുഃഖമുണ്ടാക്കികൊണ്ടാകരുത്. (61) മറ്റുള്ളവരുടെ കുറ്റവും കുറവും കണ്ടുചിരിക്കുന്നതിനുപകരം സ്വന്തം കുറ്റവും കുറവും കണ്ടുചിരിക്കുക. കാരണം അത് സ്വയം ചെയ്തതിന്റെ അനുഭവമുണ്ടല്ലോ! നമ്മുടെ വിഡ്ഢിത്തം ചെയ്യാനും, കാണാനും അനുഭവിക്കാനും സാധിച്ചവരായ നമുക്ക് ഉറക്കെച്ചിരി

ക്കാം. (62) ഒരു ഡോക്ടർ ഓപ്പറേഷൻ ചെയ്യുമ്പോൾ തന്റെ ഭാര്യയേയും മക്കളെയുംക്കുറിച്ച് ഓർത്തുകൊണ്ടിരുന്നാൽ ഓപ്പറേഷൻ പരാജയപ്പെടും. അതിനാൽ കർമ്മത്തിൽ ശ്രദ്ധവേണം. (63) ഡോക്ടർ വീട്ടിൽ വരുമ്പോൾ കുടുംബാംഗങ്ങൾ ചുറ്റുംകൂടിയിരിക്കുമ്പോൾ ഓപ്പറേഷനെക്കുറിച്ചാലോചിച്ചിരുന്നാൽ കുടുബജീവതം പരാജയപ്പെടും. (64) ജീവിതം തന്നെ ഒരുത്സവമാക്കി മാറ്റണം. മുന്നൂറ്റി അറുപത്തഞ്ചുദിവസവും ആഘോഷിക്കാനുള്ള ഉത്സവം. (65) ചെറിയ ത്യാഗങ്ങൾ സ്വന്തം ജീവിത ആവശ്യങ്ങൾ നിറവേറ്റാനെ സഹായിക്കൂ. വലിയ ത്യാഗങ്ങളാണ് ആനന്ദം പകരുന്നത്. സമൂഹത്തിൽ മാറ്റമുണ്ടാക്കുന്നത്. (66) കാറ്റും മഴയും ഒപ്പം വന്നാൽ, മണ്ണാങ്കട്ടയുടേയും കരിയിലയുടേയും കഥയെന്താകുമോ, അതുപോലെയാണ് നമ്മുടെ ജീവിതവും. 67. ഭൂമിയിൽ അത്ഭുതം തോന്നിയിട്ടുള്ളത് ഒരു കാര്യത്തെക്കുറിച്ചാലോചിക്കുമ്പോൾ മാത്രമാണ്. ചരാചരങ്ങളിൽ നിറഞ്ഞിരിക്കുന്ന ഈശ്വരചൈതന്യത്തിന്റെ പ്രവർത്തനത്തെക്കുറിച്ചോർക്കുമ്പോൾ. (68) മനഃസ്ഥിതി നന്നായാൽ പരിസ്ഥിതി നന്നാകും. (69) കർമ്മത്തിന്റെ ഫലം ലഭിക്കുന്നതിന്, കർമ്മം എന്ന ഘടകമല്ലാതെ മറ്റുപലഘടകങ്ങളും ശരിയായും അനുകൂലമായും വരേണ്ടതുണ്ട്. (70)എത്ര ശ്രദ്ധിച്ചു റോഡുമുറിച്ചുകടന്നാലും, വാഹനമോടിക്കുന്ന ഡ്രൈവറുടെ അശ്രദ്ധകൊണ്ട് കാൽനടക്കാരന് അപകടമുണ്ടാകാം. ഇവിടെ കർമ്മഫലം നിങ്ങളുടെ കർമ്മത്തെ മാത്രമാശ്രയിച്ചല്ല ഇരിക്കുന്നത്. (71) വിജയത്തിൽ എല്ലാം മറന്ന് മാനംമുട്ടെ തുള്ളിച്ചാടുകയോ, പരാജയത്തിൽ മനസ് തളർന്ന് നിലംപതിക്കുകയോ ചെയ്യരുത്. (72) വിവേകമുണ്ടെങ്കിൽ ഏതുകാര്യത്തേയും നമുക്കനുകൂലമാക്കിത്തീർക്കാൻ സാധിക്കും. (73) ഭഗവാൻ എപ്പോഴും അധ്വാനിക്കുന്നവന്റെ കൂടെയാണ്. (74) ഞാൻ ഈശ്വരന്റെ ഒരു ഉപകരണം മാത്രമാണെന്ന ബോധം എപ്പോഴും മനസ്സിൽ ഉണ്ടായിരിക്കണം. (75) എല്ലാം ഭഗവാനിൽ അർപ്പിച്ച് മടിയനായി ഇരിക്കുവാൻ നമ്മുടെ സംസ്കാരം നമ്മെ ഒരിക്കലും ഉപദേശിച്ചിട്ടില്ല. (76) നമുക്കുത്തരം ലഭിക്കാത്ത അനവധി ദുഃഖസമസ്യകൾ നമ്മുടെ മുമ്പിലുണ്ട്. അവയെല്ലാം പഠിച്ചു വിലയിരുത്തണം. ഇതിനൊരുത്തരമേ മുമ്പിലുണ്ടാകൂ. പൂർവ്വജന്മ കർമ്മഫലം. (77) ക്ഷമയും, ഉത്സാഹവും, ശുഭാപ്തി വിശ്വാസവുമാണ്

ജീവിത വിജയത്തിന്നാധാരം. ആദ്ധ്യാത്മികതയില്ലാത്ത കുട്ടികളുടെ വളർച്ച അടിത്തറയില്ലാതെ പണിതുയർത്തിയ ഭിത്തിപോലെയാണ്. (78) നാം ഉണരേണ്ടത് ഉള്ളിൽ നിന്നാണ്. വളരേണ്ടതും ഉള്ളിൽനിന്നാണ്. (79) സിഗററ്റ് ആരോഗ്യത്തിന് ഹാനികരമാണെന്ന് പാക്കറ്റിൽ എഴുതിവച്ച അറിവുണ്ടായിട്ടും നാം തെറ്റു ചെയ്യുന്നു. കാരണം, ബോധമില്ലാത്തതുകൊണ്ടാണ് നാം തെറ്റുചെയ്യുന്നത്. (80) നാം ചെയ്യുന്ന ഓരോ കർമ്മത്തെക്കുറിച്ചും നമുക്ക് ബോധമുണ്ടായാൽ തെറ്റായ കർമ്മം നാം ചെയ്യുകയില്ല. (81) നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും പൂർണ സ്വാതന്ത്ര്യവും ഉത്സാഹവും നിറഞ്ഞതായിരിക്കണം. (82) വാസ്തവത്തിൽ നമ്മളെല്ലാവരും ഏകരാണ്. കൂട്ടത്തിലിരിക്കുമ്പോഴും ഏകരാണ്. വന്നതും ഏകനായി, പോകുന്നതും ഏകനായി. (83) തുടക്കത്തിൽ ഒരു നീർച്ചാലിനെ ഒരു കല്ലുകൊണ്ടുപോലും ഗതിമാറ്റിവിടാൻ എളുപ്പമാണ്. ആ നീർച്ചാല് ഒരു നദിയായി മാറിയാൽ അതിന്റെ ഗതി തിരിച്ചുവിടുവാൻ സാധ്യമല്ല. എല്ലാത്തിന്റെയും തുടക്കം ചിന്തയായതിനാൽ ചിന്തയെ ശരിയായ ദിശയിലേക്ക് തിരിച്ചുവിടുക. (84) ഒരു അച്ചിന് കേടുണ്ടായാൽ അതിൽനിന്നും വാർക്കുന്നതിലെല്ലാം കേടുണ്ടാകും. അതുപോലെ മനസ്സിൽ കേടുണ്ടായാൽ മനസ്സിൽ നിന്നുവരുന്ന ചിന്ത, വാക്ക്, പ്രവൃത്തി ഇവയിലെല്ലാം കേടുണ്ടാകും. (85) റോഡുണ്ടാക്കിയിരിക്കുന്നത് വാഹനങ്ങൾ ഓടിക്കുവാനാണ്. പക്ഷേ സ്വന്തം ഇഷ്ടത്തിനനുസരിച്ച് തോന്നിയപോലെ വാഹനമോടിച്ചാൽ പരിണത ഫലം എന്തായിരിക്കും? സുഖമായി ജീവിക്കാനാണ് ശരീരം തന്നിരിക്കുന്നതെങ്കിലും അതിനും അനവധി നിയമങ്ങളും നിയന്ത്രണങ്ങളും വേണം. (86) ഓരോ സാഹചര്യത്തിലും ശ്രദ്ധയോടെവേണം വാക്കുകളുപയോഗിക്കാൻ. (87) ഒരു ജീവിക്കും നൽകാത്ത ഒരു വരം ഈശ്വരൻ, മനുഷ്യന് നൽകി! അതാണ് വിവേകബുദ്ധി! (88) വിവേകം നിറഞ്ഞ ഒരു കർമ്മമാണ് ശാശ്വതവിജയത്തിനാധാരം. (89) സ്വപ്നവും സ്വപ്നം കാണുന്ന വ്യക്തിയും രണ്ടല്ല. (90) സൃഷ്ടിയും സ്രഷ്ടാവും രണ്ടല്ല. (91) ചിലതിനോട് ആകർഷണവും ചിലതിനോട് വികർഷണവും തോന്നുന്നതാണ് സുഖത്തിനും ദുഃഖത്തിനും കാരണം. (92) ഫ്രിഡ്ജ് തണു



Scanned with CamScanner

പ്പിക്കുന്നു, ഹീറ്റർ ചൂടാക്കുന്നു, ഫാൻ കാറ്റുതരുന്നു, ബൾബ് പ്രകാശം തരുന്നു. ഇതെല്ലാം ഒരേ കറണ്ടിന്റെ ശക്തികൊണ്ടാണ്. സർവചരാചരങ്ങളും ചൈതന്യവത്താകുന്നത്, ഒരേ ഈശ്വര ശക്തികൊണ്ടാണ്. (93) ഒരു വസ്ത്രം നിർമ്മിക്കുന്നതിനുപിന്നിൽ എത്രയോ വ്യക്തികളുടെ അദ്ധ്വാനമുണ്ട്. പരുത്തി കൃഷിക്കാരൻ മുതൽക്ക് .... (94) നമ്മുടെ ഓരോവാക്കും മറ്റുള്ളവർക്ക് ഉന്മേഷവും അറിവും പകരുന്നതായിരിക്കണം. (95) നമ്മുടെ ഒരു വാക്ക് കേൾക്കുന്നവരിൽ പരിവർത്തനമുണ്ടാക്കണം. (96)മറ്റുള്ളവരിൽ പരിവർത്തനമുണ്ടാക്കുവാൻ നമ്മുടെ വാക്കുകൾക്ക് സാധിക്കണമെങ്കിൽ, ഓരോ വാക്കിലും വിനയവും ലാളിത്യവുമുണ്ടായിരിക്കണം. (97) സ്വന്തം വലിപ്പം മറ്റുള്ളവരുടെ മുന്നിൽ പ്രകടിപ്പിക്കുവാൻ ശ്രമിക്കുന്നവൻ എല്ലാവരുടേയും മുന്നിൽ സ്വയം വിഡ്ഢിയായിത്തീരുകയാണ്. (98) പുറമേയുള്ള രൂപത്തിൽ മാത്രമാണ് നാം മനുഷ്യർ. അകത്ത് ഇന്നും "മഹാനായ" കുരങ്ങാണ് നാം. (99) ഒരു പാമ്പ് സ്വന്തം വാലിൽ കടിച്ചിരുന്നാൽ അതിനു ഇഴയാൻ സാധിക്കില്ല. നാം മുമ്പോട്ടുപോകാൻ അവനവനിൽ കടിച്ചുതുങ്ങിയിരുന്നാൽ പോരാ. (100) നമ്മുടെയെല്ലാം ശരീരം വളരുന്നു, മനസ്സ് വളരുന്നില്ല. വിശ്വത്തോളം വളരണമെങ്കിൽ ആദ്യം കുഞ്ഞാകണം, കുഞ്ഞിനേ വളരാൻ കഴിയൂ. (101) ലോകത്തിൽ നന്മയും സ്നേഹവും വളർത്താൻ ഓരോരുത്തരും അവരുടേതായ പങ്കുവഹിക്കണം. (102) നമ്മിൽ നന്മയിലേക്കുള്ള മാറ്റമുണ്ടായാൽ അതുമറ്റുള്ളവരിലേക്കും പ്രതിഫലിക്കും. (103) നമ്മുടെതന്നെ ഹൃദയത്തെപോലെ, നാം വാങ്ങിക്കാൻ പഠിക്കുന്നതുപോലെ കൊടുക്കാനും പഠിക്കണം. (രക്തചംക്രമണംപോലെ) (104) ഒരു ചെറിയ ദീപമെങ്കിലും കൊളുത്തുവാനാണ് മക്കൾ ശ്രമിക്കേണ്ടത്. നാം കണ്ടുമുട്ടുന്ന ഓരോ വ്യക്തിയേയും, ഈശ്വരൻ നമ്മുടെ അടുത്തേക്കയച്ചതാണെന്ന് വിചാരിച്ച് അവരോട് നാം പെരുമാറുക. (105) ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനുചുറ്റുമുള്ള പരിസ്ഥിതിയല്ല മാറ്റിയത്. മറിച്ച് അർജ്ജുനന്റെ മനഃസ്ഥിതിയാണ് മാറ്റിയത്. (106) നമ്മുടെ ചുറ്റുമുള്ളതിനെ മുഴുവനും നമുക്ക് മാറ്റാൻ സാധിച്ചെന്നുവരില്ല. നമുക്ക് പൂർണമായും മാറാൻ സാധിക്കും. അവസരത്തിനൊത്ത് നന്മയിലേക്ക് മാറുക. (107) ഉല്ലാസവും സംസ്കാരവും ഒത്തുചേർന്നാൽ ജീവിതം ഉത്സവമാകും.

108. അന്ധമായി പാശ്ചാത്യരെ അനുകരിക്കുന്നത് പ്ലാസ്റ്റിക് ആപ്പിൾ കടിക്കുന്നതുപോലെയാണ്. (109) നമ്മുടെ സംസ്കാരമെന്താണെന്ന് മുതിർന്നവർ കുഞ്ഞുങ്ങൾക്കു പറഞ്ഞുകൊടുക്കണം. (110) ഈ മണ്ണിന്റെ ആത്മീയ സംസ്കാരം കളയാതെതന്നെ നമുക്ക് സമ്പത്തു നേടാനാകും. (111) ആത്മീയതയും ഭൗതീകതയും പരസ്പരം വിരുദ്ധങ്ങളല്ല. ഒന്നിനുവേണ്ടി മറ്റേത് തള്ളേണ്ടതില്ല. (112) ദ്വേഷ്യമെന്നത് രണ്ടുവശവും മൂർച്ചയുള്ള കത്തിപോലെയാണ്. (113) നല്ലതുചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് ഏതുചുറ്റുപാടിലും നന്മ ചെയ്യുവാൻ സാധിക്കും. (114) 'പരസ്യം പതിക്കരുത്' എന്ന രണ്ടു വാക്കുകൾ മതിലിൽ എഴുതിയിട്ടുണ്ടെങ്കിൽ മറ്റൊരു വരിയും മതിലിലുണ്ടാകില്ല. നന്മനിറഞ്ഞതേ ചെയ്യൂ എന്ന് മനസ്സിലെഴുതിയാൽ തിന്മയുടെ എഴുത്തുകൾ മനസ്സിലുണ്ടാകില്ല. (115) സർവതും തികഞ്ഞ മനുഷ്യൻ ലോകത്തിലുണ്ടാകില്ലതന്നെ. (116) അറുപതു കിലോമീറ്റർ വേഗതയിൽ ഓടാൻ പാകത്തിനാണ് ഒരു വാഹനം നിർമ്മിച്ചിരിക്കുന്നതെങ്കിൽ അതിനെ നൂറുകിലോമീറ്ററിൽ ഓടിച്ചാൽ അപകടമുണ്ടാകും. ഒരു പ്രത്യേക വേഗതയിലേ മനുഷ്യശരീരം പ്രവർത്തിപ്പിക്കാവൂ. വേഗത കൂടിയാൽ പരിണതഫലം അപകടമായിരിക്കും. (117) ഇതൊന്നും ചെയ്യുന്നത് നാമല്ല, നമ്മെക്കൊണ്ട് ഈശ്വരൻ നന്മചെയ്യിക്കുകയാണെന്ന് ഓർമ്മിക്കുക. (118) ഓരോ പ്രവൃത്തിയും ഈശ്വരോപാസനയാക്കിമാറ്റുക. (119) നിഷ്കളങ്കമായ ഒരു പുഞ്ചിരി നമ്മെയും നമ്മുടെ ചുറ്റുപാടുകളെത്തന്നെയും മാറ്റി മറിക്കാൻ സാധിക്കുന്നതായിരിക്കണം. (120) കർമ്മമണ്ഡലത്തിൽ എവിടെ നാം പ്രവർത്തിക്കുകയാണെങ്കിലും നമ്മളുമായി ബന്ധപ്പെടുന്നവർക്ക് ഒരു തുള്ളി സന്തോഷം പകരാൻ നമുക്ക് സാധിക്കണം. (121) ക്ഷമയുണ്ടാകുക, സത്യം പറയുക എന്ന തത്വം ദ്രോണാചാര്യർ ധർമ്മപുത്രരെ പറഞ്ഞു പഠിപ്പിച്ചു. ഇത് ജീവിതത്തിൽ പകർത്തുനന്നതെങ്ങിനെയെന്ന് പിന്നീട് ദ്രോണാചാര്യർ പഠിച്ചത് ധർമ്മപുത്രരിൽ നിന്നാണ്. (122) നന്മ ചെയ്യുവാനുള്ള ബന്ധങ്ങളെ മാത്രമേ ഊട്ടിയുറിപ്പിക്കാവൂ. മറ്റെല്ലാ ബന്ധങ്ങളും ഉപേക്ഷിക്കണം. (123) മനുഷ്യജന്മം പുണ്യജന്മമാണ്. അത് സർവ്വചരാചരങ്ങളുടേയും നന്മയ്ക്കായി ഉപയോഗിക്കുക.



Scanned with CamScanner

# ഭഗവാൻ ശ്രീ സത്യസായി ബാബ നൽകിയ ഉപദേശങ്ങൾ

**279 - 402**

1.അചഞ്ചലമായ മാനസികശാന്തിയാണ് മഹത്തായ വരദാനം, അതു ശാശ്വതവുമായിരിക്കും. (2) ദൈവാനുഗ്രഹം ഇൻഷ്വറൻസ് സംരക്ഷണം പോലെയാണ്, അപകടസമയത്ത് പരിധിയില്ലാത്ത സഹായം ഇതിലൂടെ ലഭിക്കും. (3) വ്യക്തിയുടെ ജീവിതനിലവാരമല്ല അടിസ്ഥാനമായി സ്വീകരിക്കേണ്ടത്. അവർ ജീവിക്കുന്ന രീതിയാണ് പ്രധാനം. (4) മറ്റുള്ളവരെ സഹായിക്കണമെന്ന് സ്വയം തോന്നി, ഹൃദയം നിറഞ്ഞ സ്നേഹത്തോടെ വേണം സഹായിക്കാൻ. (5) കുറെ മനുഷ്യർ ഒത്തു ചേർന്നാൽ അതൊരു സമൂഹം (സൊസൈറ്റി) ആകില്ല. മാനസിക ബന്ധത്തിലൂടെ ഐക്യമുള്ളതാണ് സമൂഹം. (6) മനുഷ്യനെ സഹായിക്കുന്നതിലൂടെ മാത്രമേ ഈശ്വരോപാസന സാധ്യമാകു. (7) ഈശ്വര ചൈതന്യം നിന്നിലുണ്ട്. നിന്റെ എല്ലാ വാക്കിലും, പ്രവൃത്തിയിലും ചിന്തയിലുമുണ്ട്. അതുകൊണ്ട് ഈശ്വരീയമായി സംസാരിക്കുക, പ്രവൃത്തിക്കുക, ചിന്തിക്കുക. (8) ഒരു വിദ്യാർത്ഥി മോശമാണെങ്കിൽ ആ വിദ്യാർത്ഥിയെ മാത്രം ബാധിക്കുന്നതാണത്. ഒരു അദ്ധ്യാപകൻ മോശമാണെങ്കിൽ നൂറുകണക്കിന് വിദ്യാർത്ഥികളെ അതു നശിപ്പിക്കും. (9) നിങ്ങളുടെ ജീവിതത്തിൽ, നിങ്ങളുടെ ചിന്തക്ക് വലിയ സ്ഥാനമാണുള്ളത്. (10) ഐകമത്യം ഈശ്വരീയമാണ്. പരിശുദ്ധിപ്രഭാപൂരിതവും. (11) നിങ്ങൾക്ക് മറ്റുള്ളവർ ചെയ്ത തിന്മകൾ മറക്കുക. നിങ്ങൾ മറ്റുള്ളവർക്ക് ചെയ്ത നന്മകളും മറക്കുക. (12) മൂല്യാധിഷ്ഠിത ജീവിതമാണ് മതത്തിന്റെ നാലിൽ മൂന്നുഭാഗവും. (13) വർത്തമാനകാലം, ഭൂതകാലത്തിന്റെ ഫലവും, ഭാവികാലത്തിന്റെ വിത്തുമാണ്. (14) സർവവ്യാപിയായ ഒരൊറ്റ ഈശ്വരനേയുള്ളൂ. (15) ലോകത്തിലൊരൊറ്റ ഭാഷയേയുള്ള അതു ഹൃദയത്തിന്റെ ഭാഷ. (16) ആത്മസംതൃപ്തി നേടാനറിയുന്നതാണ് സന്തോഷമുള്ള ജീവിതത്തിന്നാധാരം (17) എല്ലാമനുഷ്യരും ഈശ്വര ചൈതന്യത്തിന്റെ മൂർത്തിമത്ഭാവങ്ങളാണ്. (18) ജീവിതം ഒരു

വെല്ലുവിളിയാണ്-അതു നേരിടുക. ജീവിതം ഒരു സ്വപ്നമാണ് - അതു സാക്ഷാത്കരിക്കുക. ജീവിതം ഒരു കളിയാണ് - ഭംഗിയായി കളിക്കുക. ജീവിതം സ്നേഹമാണ് - അനുഭവിച്ചറിയുക. 19. മറ്റുള്ളവരിലെ തിന്മകൾ ചികഞ്ഞെടുക്കുവാനോ ചർച്ചചെയ്യുവാനോ ശ്രമിക്കുമ്പോൾ നിങ്ങൾ സ്വയം അപഹാസ്യരാകുന്നു. (20) യഥാർത്ഥ വിദ്യാഭ്യാസം വെറുതെ ജീവിക്കാനുള്ളതല്ല. അർത്ഥവത്തായ ജീവിതത്തിനുള്ളതാണ്. (21) ഓരോ വ്യക്തിയുടേയും മനസ് ശുദ്ധീകരിക്കാൻ സാധിച്ചില്ലെങ്കിൽ ലോകത്തെ ശുദ്ധീകരിക്കുക അസാദ്ധ്യമാണ്. (22) നന്മ നിറഞ്ഞ സ്വഭാവ രൂപീകരണത്തിന് നന്മ നിറഞ്ഞ സുഹൃത്ബന്ധം പ്രധാനമാണ്. (23) നിങ്ങളെത്രത്തോളം ഈശ്വരന്റെയടുത്താണോ അത്രത്തോളം തന്നെ ഈശ്വരൻ നിങ്ങളുടെയടുത്താണ്. (24) വിശക്കുന്നവന് കൊടുക്കുന്ന അന്നദാനമാണ് ലോകത്തിലെ ഏറ്റവും വലിയ ദാനം. (25) സമ്പത്ത്, സമയം, ഭക്ഷണദ്രവ്യങ്ങൾ, ഊർജ്ജം ഇവ നശിപ്പിക്കാതിരിക്കുക. (26) നാളത്തെ അദ്ധ്യാപകർ, ഇന്നത്തെ വിദ്യാർത്ഥികളാണ്. (27) ജയവും പരാജയവും ശാന്തമായി സ്വീകരിക്കുക. (28) നിങ്ങളുടെ എല്ലാ ചിന്തകളും, പ്രവൃത്തികളും, വാക്കുകളും ഈശ്വരനർപ്പിക്കുക. (29) എല്ലാ ദുഃഖത്തിനും പിന്നിൽ അജ്ഞാനമാണുള്ളത്. (30) തത്വദീക്ഷയില്ലാത്ത രാഷ്ട്രീയപ്രവർത്തനം, സ്വഭാവരൂപീകരണത്തിൽ കേന്ദ്രീകൃതമല്ലാത്ത വിദ്യാഭ്യാസം, മാനുഷീക മൂല്യങ്ങളില്ലാത്ത ശാസ്ത്ര ഗവേഷണം, ധാർമ്മീകതയില്ലാത്ത വ്യവസായം. ഇവ നിഷ്ഫലമാണെന്നു മാത്രമല്ല, അപകടകരവുമാണ്. (31) മറ്റുള്ളവരെ വേദനിപ്പിക്കാത്ത വിധത്തിൽ എപ്പോഴും പെരുമാറുക. (32) എല്ലാ രൂപത്തിലും നാമത്തിലും ഈശ്വരനുണ്ട്. (33) കർമ്മോൻമുഖമായ ചിന്ത, ആശ്വസിപ്പിക്കാനുതകുന്ന വാക്കുകൾ, കരുണാനിർഭരമായ പ്രവൃത്തി ഇവ ജീവിതരീതിയാക്കുക. (34) ബുദ്ധിയേക്കാൾ പ്രാധാന്യം നൽകേണ്ടത് സ്വഭാവരൂപീകരണത്തിലാണ്. (35) അമിതാഗ്രഹങ്ങളിൽ നിന്നുള്ള ഉയർച്ചയാണ് ധ്യാനം. (36) നിങ്ങൾ ഒരടി ഈശ്വരനടുത്തേക്കു നീങ്ങു



Scanned with CamScanner

മ്പോൾ ഈശ്വരൻ പത്തടി നിങ്ങളോടടുക്കുന്നു. (37) നന്ദിയോ, കൃതജ്ഞതയോ പോലും പ്രതീക്ഷിക്കാത്തതും പ്രകടനാത്മകമല്ലാത്തതുമായ പ്രവൃത്തിയാണ് സേവനം. (38) ആത്മീയത എന്നത് പ്രവർത്തനമാണ്, നമ്മളിൽ ഈശ്വരചൈതന്യം നിറയുമ്പോഴുണ്ടാകുന്ന പ്രവർത്തനം. (39) ആത്മ സംതൃപ്തി ഉള്ളിൽ നിന്നുത്ഭവിക്കേണ്ടതാണ്. (40) കുടുംബത്തിന്റേയും, സമൂഹത്തിന്റേയും, ദേശത്തിന്റേയും, മാനവരാശിയുടെ തന്നെയും നെടുംതൂണാണ് മാതാവും മാതൃത്വവും. (41) വൃദ്ധരായ മാതാപിതാക്കളെ ആദരിക്കുക, സംരക്ഷിക്കുക. (42) ഈശ്വരൻ എന്ന ചരടിൽ കോർത്തിരിക്കുന്ന വ്യത്യസ്ത മുത്തുകളാണ് നിങ്ങളെല്ലാവരും. (43) നിങ്ങളുടെ ചിന്ത, വാക്കുകൾ, പ്രവൃത്തികൾ മറ്റുള്ളവരെ സ്വാധീനിക്കുന്നതുപോലെ, അവരുടേതു, നിങ്ങളേയും സ്വാധീനിക്കുന്നു നന്മയിലേക്കോ തിന്മയിലേക്കോ അതു നയിക്കും. (44) സ്വന്തം ദേശത്തോടുള്ള സ്നേഹത്തിലൂടെ മാത്രമേ ലോകജനതയോടുള്ള സ്നേഹം വളർത്താൻ സാധിക്കൂ. (45)മറ്റുള്ളവരുടെ അഭിപ്രായവും വീക്ഷണവും എപ്പോഴും ആദരിക്കപ്പെടേണ്ടതാണ്. (46) നിങ്ങളുടെ മാതാപിതാക്കളെ നിങ്ങൾ ആദരിച്ചാൽ നിങ്ങളുടെ മക്കൾ നിങ്ങളേയും ആദരിക്കും. (47) പരിധിയില്ലാതെ വികസിക്കാൻ സാധിക്കുന്ന ഒരു പ്രതിഭാസമാണ് സ്നേഹം. (48)ദേശത്തിലെ ധാർമ്മീക മൂല്യങ്ങളാണ് ദേശത്തിന് അന്തർദേശീയ തലത്തിൽ ആദരവു നേടിത്തരുന്നത്. (49) നന്മയുടെ പന്ഥാവിലൂടെ ചലിക്കുവാൻ ആദ്യം വേണ്ടത് തിന്മ നിറഞ്ഞ ചിന്തകളും, സ്വഭാവങ്ങളും ഉപേക്ഷിക്കുക. രണ്ടാമതായി നല്ല സ്വഭാവങ്ങൾ വളർത്തുക. 50. തീർത്ഥയാത്രയുടെ വീഥിയവസാനിപ്പിച്ച് ലക്ഷ്യമെത്തുമ്പോൾ തീർത്ഥാടകനു മനസ്സിലാകുന്നത്: അവൻ, അവനിൽ നിന്നു തന്നെ അവ നിലേക്ക് യാത്ര ചെയ്തു എന്നാണ്. (51) ഉപദേശിച്ചു കൊടുക്കേണ്ടതില്ല പ്രവൃത്തിച്ചു കാണിച്ചാൽ മതി. (52) ധാർമ്മീകപന്ഥാവിലൂടെയായിരിക്കണം ധനം സമ്പാദിക്കുന്നത്. ആഗ്രഹങ്ങൾ എപ്പോഴും മോചനത്തിനുവേണ്ടിയായിരിക്കണം. (53) തെറ്റുകൾ കണ്ടുപി

ടിക്കാനല്ല, സേവനമർപ്പിക്കാനായിരിക്കണം പ്രവൃത്തിക്കേണ്ടത്. (54) ഭ്രാന്തൻ പോലും പലരേയും പലതിനേയും സ്നേഹിക്കുന്നുണ്ട്. സ്വബോധമുള്ള നമ്മൾക്കും അതുപോലെ സാധിക്കണം. (55) ലക്ഷ്യവും മാർഗവും അറിയാമെങ്കിൽ ജീവിതത്തിൽ പുരോഗമിക്കുന്നുണ്ടോ അധോഗമിക്കുന്നുണ്ടോ എന്നറിയാൻ എളുപ്പമാണ്. (56) നിങ്ങളുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തി എത്രത്തോളം പോകുവാൻ സാധിക്കുമോ അത്രയും നടക്കുക. (ഒഴിച്ചുകൂടാൻ വയ്യാത്ത സാഹചര്യമാണെങ്കിൽ) ലക്ഷ്യത്തോട് ഏറ്റവും അടുത്തെത്തുമ്പോൾ മാത്രം, വിശ്രമിക്കുക. (57) ധർമ്മത്തിന്നാധാരം സത്യമാണ്. (58) ഈശ്വരനെ മറക്കരുത്. ചുറ്റുമുള്ളതിൽ മാത്രം പൂർണവിശ്വാസമർപ്പിക്കുകയുമരുത്. ഒരിക്കലും ഭയപ്പെടരുത്. (59) കർമ്മത്തിന്നാധാരം ഈശ്വരനും, ഉപകരണം നിങ്ങളുമാണ്. (60) വ്യർത്ഥമായി ഒരു നിമിഷം പോലും നഷ്ടപ്പെടുത്താതിരിക്കുക. (61) ധർമ്മത്തെ സംരക്ഷിച്ചാൽ ധർമ്മം നിങ്ങളെ സംരക്ഷിക്കും. (62) ലക്ഷ്യവും, മാർഗ്ഗവും, പ്രയാണവും, ഇന്നുതന്നെ പ്രവർത്തനമണ്ഡലത്തിൽ കൊണ്ടുവരിക. നാളേക്ക് മാറ്റി വെക്കരുത്. (63) ഈശ്വരൻ മുകളിൽ നിന്നു താഴ്ത്തേക്കു വരുകയോ താഴെ നിന്നു മുകളിലേക്ക് പോകുകയോ ചെയ്യുന്നില്ല. എല്ലായിടത്തുമുണ്ട്. (64) ശാന്തതയിലും മൗനത്തിലും ഈശ്വര സാന്നിധ്യം ലഭിക്കുന്നു. (65) സങ്കുചിതരാകാതെ വികസിക്കുക - അനന്തമായി വികസിക്കുക. (66) എല്ലാ റോസ് ചെടികളിലും മുള്ളുണ്ട്. ശ്രദ്ധിച്ചാൽ പൂപറിക്കാം. ജീവി തത്തിൽ ദുഃഖമുണ്ട്, നിരന്തരസാധനയിലൂടെ നന്മനേടാം. (67) നിങ്ങൾക്കു ലഭ്യമായതിൽ നിന്നും നിങ്ങൾ സമ്പാദിച്ചതിൽ നിന്നും നിങ്ങൾ ജീവിക്കുവാൻ പഠിക്കുക. (68) കരഞ്ഞുകൊണ്ടാണ് നമ്മുടെ ജനനം, ചിരിച്ചുകൊണ്ടാകട്ടെ നമ്മുടെ മരണം. (69) വേരുകൾ വിദ്യാഭ്യാസമാണ്, ഫലങ്ങൾ, രൂപീകരിക്കപ്പെട്ട സ്വഭാവങ്ങളും. (70) എല്ലാ കടങ്ങളും വീട്ടുവാൻ നിങ്ങൾക്ക് സാധിക്കും. അമ്മയോടുള്ള കടം വീടുവാൻ നിങ്ങൾക്ക് സാധ്യമല്ല. (71) ബുദ്ധിപരമായ ജീവിതത്തിന് അച്ചടക്ക

മാണാവശ്യം. (72) പൗരന്മാർക്ക് വിദ്യാഭ്യാസം നൽകാനും അവരെ സംസ്കാരസമ്പന്നരാക്കുവാനുമുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ടാകണം. അല്ലെങ്കിൽ സർക്കാരിനെ പഠിപ്പിക്കുവാനും സംസ്കാരമുള്ളതാക്കിത്തീർക്കുവാനുമുള്ള ഉത്തരവാദിത്വം ജനങ്ങൾക്കുണ്ടാകണം. (73) എല്ലാ പ്രവൃത്തികളും ഈശ്വരാർപ്പണമായി അനുഷ്ഠിക്കുക. (74) പ്രോത്സാഹിപ്പിക്കുന്നതും, സഹായിക്കുന്നതും, നിയോഗിക്കുന്നതും, ആനന്ദിപ്പിക്കുന്നതും, സമാധാനിപ്പിക്കുന്നതും, വിതക്കുന്നതും, കൊയ്യുന്നതുമെല്ലാം ഈശ്വരനാണ്. (75) നിങ്ങളിൽ ആത്മവിശ്വാസമുണ്ടാകട്ടെ. തിരയിൽ വിശ്വാസമില്ലാത്തവർക്ക് കടലിനോട് വിശ്വാസം തോന്നുമോ (76) മരണം ജീവിതത്തിലെ ഒരനുഭവം മാത്രം. അതിനെ മാത്രം ചിന്തിച്ചു ഭയപ്പെട്ടു ജീവിക്കേണ്ടതില്ല. (77) ഒരു കാന്തം സൂചിയെ ആകർഷിക്കുന്നില്ലെങ്കിൽ, തെറ്റ് അവക്കിടക്കുള്ള ചെളിയുടേതാണ്. (78) എല്ലാ പരീക്ഷണങ്ങളേയും പരീക്ഷകളേയും സ്വാഗതം ചെയ്യുക. ആത്മവിശ്വാസത്തിനും പ്രമോഷനും അതു സഹായിക്കും. (79) ഈശ്വരന്റെ കൊട്ടാരത്തിലെ ഓരോ മുറിയാണ് ഓരോ രാജ്യവും. (80) സൃഷ്ടിക്കപ്പെട്ടതെല്ലാം പരിവർത്തനത്തിനുവിധേയമാണ്. മനുഷ്യനും പരിവർത്തനത്തിനുവിധേയമാണ്. (81) ഒരേ വൈദ്യുതി എല്ലാ വൈദ്യുതോപകരണങ്ങളേയും ചൈതന്യവത്താക്കുന്ന ഒരേ ഈശ്വരൻ സർവ്വചരാചരങ്ങളേയും ചൈതന്യവത്താക്കുന്നു. (82) നന്മ ചെയ്യുവാൻ സാധിച്ചില്ലെങ്കിലും തിന്മ ചെയ്യാതിരിക്കുക. (83) തെറ്റുകൾ ഉടൻ തിരുത്തുക. ശരികൾ ഉടൻ അഭിനന്ദിക്കുക. മക്കളെ നന്മയിലേക്ക് നയിക്കാൻ ശരിയായ മാർഗമിതാണ്. (84) ശൂന്യാകാശത്തിലെത്താനും, ചന്ദ്രനിലിറങ്ങാനും സാധിച്ച മനുഷ്യരാശിക്ക് ഇന്നും സ്വന്തം അയൽക്കാരുമായി സമാധാനത്തിൽ കഴിയുവാൻ സാധിക്കുന്നില്ല! (85) ജീവിതത്തിൽ സ്ത്രീക്കും പുരുഷനും, തുല്യ അവസരങ്ങളും, തുല്യമായ അവകാശങ്ങളുമുണ്ട്. (86) മരണത്തിന്റെ അധിപൻ വരുന്നതിനുമുമ്പ് നിങ്ങളെ വിളിച്ച് അറിയിക്കുകയില്ല. "ഞാൻ ക്ലിക് ചെയ്യാൻ പോകുന്നു" എന്ന് മുന്നറിയിപ്പു നൽകുന്ന ഒരു

ഫോട്ടോഗ്രാഫറെ പോലെയല്ല മരണത്തിന്റെ വരവ്. (87) ഓർമ്മകളുടെ കൂറ്റൻ തിരമാലകളും, അത്യാഗ്രഹത്തിന്റെ കൊടുങ്കാറ്റും വികാരത്തിന്റെ കാട്ടുതീയും നിങ്ങളുടെ ശാന്തതയെ സ്വാധീനിക്കാതെ കടന്നുപോകട്ടെ. (88) മൗനമാണ് ഈശ്വരാന്വേഷിയുടെ പ്രഭാഷണരീതി. (89) ഈശ്വരനെന്ന ശരീരത്തിന്റെ ഓരോ സെല്ലാണ് ഓരോ മനുഷ്യനും. (90) ക്ഷമ എന്ന ശക്തിയാണ് മനുഷ്യന് എപ്പോഴും വേണ്ടത്. (91) മാംസാഹാരത്തിലൂടെ മൃഗീയ വികാരങ്ങളുണ്ടാകുന്നു. ഭയാനകമായ രോഗങ്ങളും. (92) മറ്റുള്ളവർ പ്രകീർത്തിക്കുമ്പോൾ തുള്ളിച്ചാടി ആഹ്ളാദിക്കാതിരിക്കുക അവർ വിമർശിക്കുമ്പോൾ തളർന്ന് വീഴാതിരിക്കുക. (93) വീണുകിട്ടുന്ന ഓരോ നിമിഷവും ഉപയോഗപ്രദമായ കാര്യങ്ങൾക്ക് ചിലവഴിക്കുക. അല്ലെങ്കിൽ ഈശ്വരചൈതന്യത്തെ ധ്യാനിക്കുവാനുപയോഗിക്കുക. (94) അത്യാഗ്രഹം ദുഃഖത്തിനുകാരണമാകും. സംതൃപ്ത ജീവിതത്തിന് അതാവശ്യമില്ല. (95) നന്മയുടേയും തിന്മയുടേയും ഫലങ്ങൾ വ്യക്തിയെ പിന്തുടർന്നുകൊണ്ടേയിരിക്കും. (96) ഓരോ മനുഷ്യനും ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടാകണം. അതാണ് മനുഷ്യജന്മസാക്ഷാത്കാരം. (97) ഭക്തിയില്ലാത്ത ഏത് അറിവും വെറുപ്പിന് കാരണമാകും. (98) ശാന്തവും മധുരവുമായ വാക്കുകളാണ് ഈശ്വരീയ സ്നേഹത്തിന്റെ പ്രകടനരീതിയിലുണ്ടാകേണ്ടത്. (99) ഐക്യത്തിലൂടെ മാത്രമേ മാനവരാശിക്ക് സമാധാനമുണ്ടാകു (100) മനുഷ്യമനസ്സിന് മനസിലാകാത്ത തത്വശാസ്ത്രവും, പ്രയോഗിക്കാത്ത ധർമ്മബോധവും, വ്യർത്ഥമാണ്. അത് വാക്കുകളിൽ മാത്രം ഒതുങ്ങുന്നു. (101) ദ്വേഷ്യം, ജ്ഞാനത്തെ ആവരണം ചെയ്യുന്നു. വിവേകത്തെ നശിപ്പിക്കുന്നു. (102) ശാലീനത, സ്ത്രീകൾക്ക് വിലമതിക്കാനാകാത്ത ആഭരണമാണ്. (103) ഓരോവ്യക്തിയും ഓരോ തരത്തിലുള്ള കർത്തവ്യ നിർവഹണത്തിനായിട്ടാണ് ജനിക്കുന്നത്. (104) നന്മയുടെ സ്നേഹത്തോടെ എത്ര ക്രൂരനായ ഭർത്താവിനേയും നന്മയിലേക്ക് ആനയിക്കേണ്ടത് ഭാര്യയുടെ ധർമ്മമാണ്. (105) വിവേകവും അറിവുമാണ് ജീവിതം. (106) വേദനയും ദുഃഖവും അനുഭവിച്ചവന്



Scanned with CamScanner

വേദനയും ദുഃഖവും എളുപ്പത്തിൽ അറിയുവാനും ദയാവായ്പോടെ ദുഃഖിക്കുന്നവരെ സാന്ത്വനപ്പെടുത്തുവാനും സാധിക്കും. (107) ഭൗതീകജീവിതത്തിൽ നിന്നപ്പുറത്താണ് ആത്മീയാനുഭൂതിയുടെ ജീവിതം. (108) നിങ്ങൾ ശാന്തമായി സംസാരിച്ചാൽ മറ്റുള്ളവർക്ക് ആക്രോശിക്കുവാൻ അവസരം ലഭിക്കുന്നില്ല. (109) സന്തോഷം എന്നത് രണ്ടു ദുഃഖങ്ങൾക്കിടക്കുള്ള ഇടവേളമാത്രമാണ്. (110) മനസ്സിലെ കൊടുങ്കാറ്റും, കടൽതിരമാലകളും, സ്വന്തം നാവിന്റെ ശബ്ദവും ഇല്ലാതാകുമ്പോൾ ഹൃദയത്തിലെ ഈശ്വര ശബ്ദം കേൾക്കാം. (111) മനുഷ്യർ നന്നാകുമ്പോൾ ലോകം നന്നാകുന്നു. (112) കർമ്മവും കർമ്മഫലവും ഈശ്വരനർപ്പിക്കുമ്പോൾ ത്യാഗം സമ്പൂർണ്ണമാകുന്നു. (113) നിങ്ങളിൽ നിന്ന് അകലത്തിലോ, വ്യത്യസ്തനായോ അല്ല ഈശ്വരൻ വസിക്കുന്നത്. (114) പാപത്തിനും പുണ്യത്തിനും ആധാരം നിങ്ങളുടെ കർമ്മങ്ങൾ മാത്രമാണ്. (115) ജീവിതത്തിൽ നിങ്ങൾ നേടേണ്ടത് നല്ല പേര് മാത്രമാണ് (മനുഷ്യമനസ്സുകളിൽ നിറയുന്ന നന്മയുടെ ഓർമ്മ) (116) തെറ്റായ പ്രവൃത്തികൾ കുറ്റബോധത്തിനുകാരണമാകും. ശരിയായ പ്രവൃത്തികളിൽ കുറ്റബോധനത്തിന് സ്ഥാനമില്ല. (117) ഒരു മൃഗത്തെ (മാംസത്തിനുവേണ്ടി) കൊല്ലുമ്പോൾ അതിന് പ്രാണവേദനയും, നാശവും. ദ്രോഹവുമാണ് നിങ്ങൾ സമ്മാനിക്കുന്നത്. (118) ഭൗതീക ശാസ്ത്രം അവസാനിക്കുന്നീടത്ത്, തത്വചിന്ത ആരംഭിക്കുന്നു. (119) ഭൗതീക ശാസ്ത്രം അറിവുകളുടെ കൂമ്പാരമാണ്. ആത്മീയ ശാസ്ത്രം നന്മയിലേക്കുള്ള പരിവർത്തനത്തിന്റെ ആധാരമാണ്. (120) ഭൗതീക ശക്തി, ആത്മീയശക്തി, മാനസീകശക്തി ഇത് മൂന്നും ചേരുമ്പോഴാണ് ഈശ്വരീയ ശക്തി നിങ്ങളിൽ ഉദയം ചെയ്യുന്നത്. (121) അനശ്വരഭാവം ത്യാഗത്തിന്റെ ഫലമാണ്. സ്വജീവിതത്തിൽ ചെയ്തു തീർത്തകാര്യങ്ങളിലുള്ള സംതൃപ്തിയാണ് ഏറ്റവും വലിയ ആനന്ദം. (122) അഹങ്കാരത്തിന്റെ നികൃഷ്ടമായ പ്രകടനമാണ് ദ്വേഷ്യം. (123) പ്രകാശത്തിന് അതിരുകളില്ല, അഹങ്കാരമില്ല, പക്ഷഭേദമില്ല മനുഷ്യമനസ് പ്രകാശമായിരിക്കണം.



Scanned with CamScanner

## മാതാപിതാക്കൾക്കുള്ള സന്ദേശം 403 – 456

• കുടുംബത്തിലെ ചുറ്റുപാടിൽ വളരുന്ന മക്കൾ നമ്മുടെ സ്വഭാവത്തിൽ നിന്നാണ് ജീവിത സന്ദേശങ്ങളും നന്മതിന്മകളും സ്വന്തം ജീവിതത്തിലേക്ക് പകർത്തുന്നത്. • നാം സംസാരിക്കുന്നതും, ചിന്തിക്കുന്നതും, വിശകലനം ചെയ്യുന്നതും, ചർച്ച ചെയ്യുന്നതും പ്രവർത്തിക്കുന്നതുമെല്ലാം അവർക്കും മാർഗദർശകമായിത്തീരുന്നു. • നമ്മിലുള്ള നന്മകൾ അവർ ജീവിതത്തിൽ പകർത്തുമ്പോൾ നമുക്കാഹ്ലാദമുണ്ടാകുന്നു. നമ്മിലുള്ള തിന്മകളും അവർ ജീവിതത്തിൽ പകർത്തുമെന്നോർക്കണം. • നമ്മുടെ ഗൃഹാന്തരീക്ഷത്തിൽ നമ്മുടെ ചെവി, കണ്ണ്, നാവ്/നാക്ക്, മനസ്, പ്രവർത്തി ഇവയെല്ലാം നാം ഉപയോഗിക്കുന്നതുപോലെയായിരിക്കും നമ്മുടെ മക്കളും ജീവിതത്തിൽ പകർത്തുന്നത്. • നന്മകൾ കേൾക്കാനും കേൾപ്പിക്കാനും, കാണുവാനും, കാണിക്കുവാനും, ചർച്ച ചെയ്യുവാനും, ചർച്ച ചെയ്യിക്കുവാനും, ചിന്തിക്കുവാനും, ചിന്തിപ്പിക്കുവാനും, പ്രവർത്തിക്കുവാനും, പ്രവർത്തിപ്പിക്കുവാനും സാധിക്കുമെങ്കിൽ അവ നമ്മുടെ മക്കളുടെ ജീവിതം ധന്യമാക്കും. • നമ്മുടെ മനസ്സിന്റെ രോഗങ്ങളാൽ വാശി, പക, വിദ്വേഷം, അസൂയ, ദ്വേഷ്യം, അഹങ്കാരം, .... എന്നിവ നമ്മുടെ മക്കളുടെ മനസ്സിലേക്ക് സാംക്രമിക രോഗം പോലെ പകരുന്നത് നമ്മിൽ നിന്നാണെന്നറിയണം. • ഭാര്യാ/ഭർത്താക്കന്മാർ പെരുമാറുന്നതു മക്കളുടെ മനസ്സിൽ വളരെ ചെറുപ്രായത്തിൽ തന്നെ നിറഞ്ഞു നിൽക്കുന്നു. അതു ഭാവിയിൽ അവരുടെ ജീവിതമായിത്തീരുന്നു. • ശാന്തശീലവും പ്രസാദാത്മകവുമായ അമ്മയുടേയും അച്ഛന്റേയും മുഖം കണ്ട് ആനന്ദിക്കുവാനാണ് മക്കൾക്കിഷ്ടം. • ശാന്തമായ സംസാരരീതി, പെരുമാറ്റരീതി, ഇവയെല്ലാം മക്കൾക്ക് ജീവിതകാലമത്രയും മാതൃകയായി ലഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. • തിങ്കൾ മുതൽ വെള്ളി വരെ ഏഴു മണിക്കൂർ മാത്രമാണ് നിങ്ങളുടെ മക്കൾ നാൽപതോളം കുട്ടികളിൽ ഒരുവനായി സ്കൂളിലുള്ളത്. തിങ്കൾ മുതൽ വെള്ളി വരെ 17 മണിക്കൂറും ശനി, ഞായർ ദിവസങ്ങളിൽ 24 മണിക്കൂറും നിങ്ങളുടെ സ്വന്തം ഒന്നോ രണ്ടോ കുട്ടികൾ നിങ്ങളുടെ കൂടെ മക്കളായി കഴിയുന്നു എന്നറിയണം. സ്കൂളിൽ നിന്നു ലഭിക്കുന്നതിനേക്കാൾ അനേകം മടങ്ങ് ലഭിക്കേണ്ടത് മാതാ



Scanned with CamScanner

പിതാക്കളിൽ നിന്നാണ് എന്നു വ്യക്തമായറിയണം. • മക്കളോടു സംസാരിക്കുമ്പോഴും പെരുമാറുമ്പോഴും നന്മ നിറഞ്ഞരീതി ഓരോ നിമിഷവും ഉണ്ടായിരിക്കണം. കുട്ടികളെ സ്കൂളിലേയ്ക്കയക്കുന്ന തയ്യാറെടുപ്പ് അടുക്കും ചിട്ടയോടും ആനന്ദത്തോടും കൂടി ചെയ്യുക. അതു നിങ്ങൾക്കൊരു ഭാരമാണെന്ന തോന്നൽ കുട്ടികൾക്കുണ്ടാകാതിരിക്കട്ടെ. അവരെ സ്കൂൾ യാത്രയ്ക്ക് തയ്യാറാക്കുന്ന വേളയിൽ അമ്മയുടെ മുഖത്ത് നിറഞ്ഞ സംതൃപ്തിയുണ്ടാകണം. • പ്രഭാതത്തിൽ നേരത്തേ വിളിച്ചുണർത്തി കുളിപ്പിച്ച്, പത്തുമിനിറ്റെങ്കിലും പ്രാർത്ഥിപ്പിക്കണം. നാമജപം ശീലമാക്കണം, അഞ്ച് (സൂര്യ) നമസ്കാരം ചെയ്യിപ്പിക്കണം. ഇതെല്ലാം ആരോഗ്യത്തിനും ഊർജ്ജസ്വലമാകുവാനുമാണ്. • ഒന്നു രണ്ടു ഗ്ലാസ് വെള്ളം കുടിക്കുവാനായി നൽകണം. പ്രഭാതഭക്ഷണം ശാന്തമായി വിളമ്പികൊടുത്ത് കഴിപ്പിക്കണം. • നിർദ്ദേശമില്ലാത്ത സമയനിഷ്ഠ നമ്മളും, നമ്മളിലൂടെ മക്കളും സ്വയം പാലിക്കാനും പാലിപ്പിക്കുവാനും ശ്രമിക്കണം. • സ്കൂൾ യാത്രയ്ക്ക് തയ്യാറെടുപ്പിക്കുമ്പോൾ, നല്ല ഉപദേശങ്ങൾ ശാന്തമായി നിർദ്ദേശബുദ്ധിയില്ലാതെ സന്ദേശങ്ങളായി സീരിയസ്സാകാതെ പറഞ്ഞുകൊടുക്കണം. • ഇതുപോലൊരു അമ്മയേയും അച്ഛനേയും ലഭിച്ചത് ഭാഗ്യം കൊണ്ടാണെന്ന് മക്കൾക്ക് തോന്നുന്നതാണ് മാതൃദേവോ ഭവ, പിതൃദേവോ ഭവ. • സ്കൂൾ യാത്രയ്ക്കു തയ്യാറാകുമ്പോഴും സ്കൂളിൽ നിന്നു മടങ്ങിവരുമ്പോഴും സ്കൂളിലെ സുഖദുഃഖങ്ങളന്വേഷിക്കണം! മക്കളുടെ നേട്ടങ്ങളെ അഭിനന്ദിക്കണം. • ദുഃഖങ്ങൾ അമ്മയുമായി പങ്കു വെയ്ക്കാനവസരമുണ്ടാക്കണം. അമ്മയിൽ നിന്ന് ആശ്വാസത്തിന്റേയും സ്നേഹമസൃണമായ ദുഃഖപരിഹാരത്തിന്റേയും നന്മ നിറഞ്ഞ നിർദ്ദേശങ്ങൾ മക്കൾ പ്രതീക്ഷിക്കുന്നുണ്ടാകും. • സ്കൂൾ വാഹനം വീട്ടുപടിക്കലെത്തുന്നതിന് 15 മിനിറ്റുമുമ്പെങ്കിലും മക്കളെ പൂർണ്ണമായും തയ്യാറാക്കിയിരിക്കണം. • ഒരു കാരണവശാലും ദ്വേഷ്യത്തിന്റെ ശാപവാക്കുകൾ മാതാപിതാക്കളിൽ നിന്ന് മക്കൾക്ക് കേൾക്കേണ്ടി വരരുത്. • യാത്രയാകുന്ന കുട്ടികളുടെ തലയിൽ കൈവെച്ചനുഗ്രഹിച്ചു വേണം ഗേറ്റു വരെ കൂടെ ചെന്ന് സ്കൂൾ വാഹനത്തിലയക്കുവാൻ. പരീക്ഷാ ദിവസങ്ങളിൽ മാതാപിതാക്കളുടെ കാൽതൊട്ടു വന്ദിക്കുന്ന സ്വഭാവം വളർത്തണം. • കണ്ണിൽ നിന്നു മറയുന്നതുവരെ മക്കളെ കൈവീശി, മന്ദസ്മിതത്തോടെ



Scanned with CamScanner

സ്കൂളിലേക്കു യാത്രയാക്കണം. അമ്മയുടെ ആ മുഖം മക്കളുടെ മനസ്സിൽ നിറഞ്ഞു നിൽക്കണം. ❀ മാതാപിതാക്കൾക്ക് സ്വന്തം മക്കൾ ഭാരമാണെന്നു തോന്നുന്നപോലെ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്താൽ മാതാപിതാക്കൾക്ക് പ്രായമാകുമ്പോൾ അവർ മക്കൾക്കു ഭാരമായിത്തീരുമെന്ന് ഓർമ്മ വേണം. ❀ നല്ലവണ്ണം പഠിക്കണം, അമ്മയുടെ പ്രാർത്ഥന എന്നും എന്റെ മക്കൾക്കുണ്ടാകും, നിങ്ങളെ (നിന്നെ) പോലെ മക്കളെക്കിട്ടിയത് അമ്മയുടെ ഭാഗ്യമാണ് എന്ന് ഇടയ്ക്കെങ്കിലും പറയാൻ സാധിക്കണം. ഈ വരികൾ എന്നുമെന്നും മക്കളുടെ മനസ്സിലുണ്ടാകുമെന്നോർക്കണം. ❀ സ്കൂൾ വിട്ടു വരുന്ന മക്കളെ സംതൃപ്തമുഖഭാവത്തോടെ സ്വീകരിക്കാൻ സാധിക്കണം. മക്കളുടെ നേട്ടങ്ങളുടെ അനുഭവങ്ങൾ നല്ലപോലെ അഭിനന്ദിക്കണം. കോട്ടങ്ങളുണ്ടെങ്കിൽ സമയം കുറെ കഴിഞ്ഞ് ആ വിഷയം സംസാരിച്ച് പരിഹാരമുപദേശിക്കണം. ദ്വേഷ്യം വന്നാലും ശാപവാക്കുകളുപയോഗിക്കരുത്. ❀ വൈകുന്നേരം സ്കൂൾ കഴിഞ്ഞു മടങ്ങിയതിനു ശേഷം വീട്ടിലെത്തിയാൽ കയ്യും കാലും മുഖവും കഴുകി വൃത്തിയാക്കുവാൻ ശീലിപ്പിക്കണം. ❀ ആവേശത്തോടെ മക്കൾ പറയുവാനാഗ്രഹിക്കുന്നത് മാതാപിതാക്കൾ നിർബന്ധമായും ശ്രദ്ധയോടെ കേൾക്കണം. നന്മകളെ അഭിനന്ദിക്കണം, തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ ശാന്തമായി നിർദ്ദേശം നൽകി തിരുത്തണം. ❀ സ്കൂളിൽ നിന്ന് ശിക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ ഇനിയും അത്തരത്തിലുള്ള തെറ്റുകളാവർത്തിക്കരുതെന്നോർമ്മിപ്പിക്കണം. ❀ വൈകുന്നേരം ഒരു മണിക്കൂറെങ്കിലും സർവതും മറന്ന് കളിക്കുവാനാവസരമുണ്ടാകണം. ❀ വൈകുന്നേരത്തെ കളിക്കു ശേഷം കുളി കഴിഞ്ഞ് കുറഞ്ഞത് പത്തുമിനിട്ടെങ്കിലും പ്രാർത്ഥിക്കാനുള്ള കീർത്തനം, ശ്ലോകങ്ങൾ ഇവ പറഞ്ഞു കൊടുത്തിരിക്കണം. മക്കളോടൊപ്പമിരുന്നുള്ള പ്രാർത്ഥന മാതാപിതാക്കളും ശീലിക്കണം. ❀ നല്ല ഉപദേശങ്ങൾ ശാന്തമായി കഥാ രൂപത്തിൽ നിർബന്ധബുദ്ധിയില്ലാതെ പറഞ്ഞു കൊടുക്കുവാനും സന്ധ്യാവേളയിൽ ഇടയ്ക്ക് അടുത്ത് വന്ന് നല്ല വാക്കുകൾ പ്രോത്സാഹനാജനകമായി പറയണം. ❀ പുരാണകഥകൾ വിവരിച്ചുകൊടുത്ത് അവയുടെ സന്ദേശവുമറിയിക്കണം. മക്കളെ കൈകൊണ്ടു തലോടണം. താലോലിച്ചുറക്കാൻ സാധിക്കുമെങ്കിൽ ഉത്തമം. ❀ പ്രഭാതത്തിൽ, കിടക്കയിൽ നിന്നെഴുന്നേൽക്കുമ്പോഴും രാത്രിയിൽ ഉറങ്ങാൻ പോകുന്ന വേളയിലും ഒരു മിനിറ്റെങ്കിലും കിടക്കയിലിരുന്നു പ്രാർത്ഥിപ്പിക്കണം. ❀ വടക്കോട്ടു



Scanned with CamScanner

തലവെച്ച് ഉറങ്ങാൻ കിടക്കുന്നത് രക്തചംക്രമണത്തെ ബാധിക്കുന്ന തുകൊണ്ടൊഴിവാക്കണം. പഠിക്കുമ്പോൾ കിഴക്കോട്ടു മുഖമാക്കി പഠിക്കുവാനുപദേശിക്കണം. ♣ സമയം ലഭിക്കുമ്പോഴും ഒഴിവു ദിവസങ്ങളിലും Discovery, National Geography, Animal Planet History, ചാനലുകൾ കാണുവാനവസരം നൽകണം. ദുഃഖവും വേദനയും, പരാജയവും മറക്കുവാൻ പോഗോ ചാനലിലെ തമാശകൾ കാണുവാനും നിർദ്ദേശിക്കാം. ♣ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പഠിക്കാനുള്ള രീതികളും, പഠിച്ചതിനെക്കുറിച്ചും അൽപം കൂടി ചേർത്തും വിരസത തോന്നാതെ അറിവ് വിപുലപ്പെടുത്തണം. ♣ ജീവിതത്തിൽ സുഖം + ദുഃഖം, ചിരി + കരച്ചിൽ, ജയം + പരാജയം, ഉയർച്ച + താഴ്ച്ച എന്നിവയെല്ലാം ഉണ്ടെന്നും സമചിത്തതയോടെ അവ അഭിമുഖീകരിക്കാനും സ്വന്തം അനുഭവത്തിലൂടെയും ഉപദേശങ്ങളിലൂടെയും പ്രായോഗികമായി ശീലിപ്പിക്കണം. ♣ മക്കളുടെ പെരുമാറ്റത്തിലോ, പ്രവൃത്തിയിലോ, വാക്കിലോ മാതാപിതാക്കൾക്ക് അവിശ്വാസമുണ്ടെന്ന തോന്നൽ ഉണ്ടാക്കരുത്. ♣ സംഗീതം, നൃത്തം, സംഗീത ഉപകരണം, മറ്റേതെങ്കിലും കലാകായിക വിഷയങ്ങളിലൊന്നെങ്കിലും പഠിപ്പിക്കണം. അഭിരുചിയുള്ള വിഷയങ്ങൾ വിദ്യാലയാധികൃതരെ അറിയിക്കണം. ♣ നമ്മുടെ മക്കൾക്ക് നന്മ നിറഞ്ഞ ഉജ്ജ്വലവ്യക്തിത്വത്തിലേക്ക് നയിക്കപ്പെടുന്ന വ്യക്തിത്വമുണ്ടാകണം. ആ പ്രത്യേകതയിലൂടെ മക്കൾ പുറം ലോകത്തറിയപ്പെടണം. ♣ അടുക്കള ജോലിയിലും മറ്റു ചെറിയ ജോലികളിലും പരിശീലനം നൽകണം. കാപ്പി, ചായ, ഭക്ഷണം ഇവ പാകം ചെയ്യുവാനുള്ള ബാലപാഠങ്ങളും വീടുവൃത്തിയായി സൂക്ഷിക്കാനുള്ള രീതിയും സ്വായത്തമാക്കണം. ♣ ചെറിയ ചെറിയ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുന്നത് ചാരിതാർത്ഥ്യത്തോടെ അവരെക്കൊണ്ട് ചെയ്യിപ്പിക്കണം. ♣ ശാപവാക്കുകൾ മാതാപിതാക്കളിൽ നിന്നൊരിക്കലുമുണ്ടാകരുത്. അതു ശരിയാവില്ല,.... നിനക്കതിനുള്ള കഴിവില്ല, നീ തോൽക്കുമെന്നുറപ്പാണ്, നീ എപ്പോഴും ഇങ്ങിനെയാണ്... നിന്റെ അനിയനെത്ര മിടുക്കനാണ്...... എത്രപ്രാവശ്യം നിന്നോട് പറഞ്ഞു.. നിനക്കങ്ങിനെതന്നെ വേണം.... എന്റെയൊരു തലയിലെഴുത്ത്.... നീ വേണമെങ്കിൽ പഠിക്ക് വേണ്ടെങ്കിൽ വേണ്ട... എനിക്കുവേണ്ടി നീ പഠിക്കണ്ട... നിന്നെയൊക്കെ ഞാൻ കാണിച്ചുതരാം.... ഞാൻ ടീച്ചറോട് പറഞ്ഞുകൊടുക്കും.... നിന്റെയൊക്കെ വാശി അമ്മയുടെ അടുത്തെടുക്കണ്ട.... നിന്റെ കള്ളത്തരമെനിക്കറിയാം... ഞാൻ



Scanned with CamScanner

അവനോടു ചോദിച്ചുനോക്കും നീ പറയുന്നത് ശരിയാണോ എന്ന്.... ഒർൽപം പോലും എനിക്കു നിന്നെ വിശ്വാസമില്ല.... വേണമെങ്കിൽ ചോറു തിന്നാൽ മതി... ഇതുപോലുള്ള വാക്കുകളെല്ലാം ഒഴിവാക്കേണമേ എന്ന് മാതാപിതാക്കളോട് അഭ്യർത്ഥിക്കുന്നു. പ്രവൃത്തി ദിവസങ്ങളിൽ പ്രഭാത ഭക്ഷണത്തിലും ഉച്ചഭക്ഷണത്തിലും മത്സ്യ-മാംസാദികൾ പൂർണമായും ഒഴിവാക്കണം. ദിവസത്തിലൊരു നേരമെങ്കിലും മാതാപിതാക്കളും മക്കളും ഒരുമിച്ചിരുന്നു ഭക്ഷം കഴിക്കണം. അമ്മ നിർബന്ധമായും മക്കൾക്ക് ഭക്ഷണം വിളമ്പിക്കൊടുത്തുകൂടെയിരിക്കണം. എത്രകാലം മക്കളെ തലോലിക്കാനും, അവരുടെ തലയിൽ കൈവച്ചനുഗ്രഹിക്കാനും, അവർക്ക് കഥ പറഞ്ഞുകൊടുത്ത് തലോടിക്കൊണ്ട് ആനന്ദിപ്പിക്കാനും മക്കൾക്ക് ഭക്ഷണം വിളമ്പിക്കൊടുക്കാനും അവരുടെ ചിരിയും സന്തോഷവും കാണുവാനും ജഗദീശ്വരൻ നമുക്ക് അനുഗ്രഹം തന്നിട്ടുണ്ട് എന്നറിഞ്ഞുകൂടല്ലോ. അതുകൊണ്ട് സാധിക്കുന്നത്രയും കാലം അതെല്ലാം ചെയ്ത് ഈ മാതൃപിതൃ ജന്മം സഫലമാക്കണം. പുത്ര-പുത്രീ ധർമ്മം അവർ പഠിക്കുന്നത് മാതാപതാക്കളിൽ നിന്നാണ്. ജീവിത വിജയത്തിന് ആധുനീക അറിവുകൾ പൂർണമായും സ്വായത്തമാക്കണം. കെട്ടിടത്തിന്റെ മുകളിലേക്കുള്ള ഉയർച്ചക്ക് ഇഷ്ടിക പോലെ അത്യാധുനിക അറിവുകൾ പ്രയോഗിക്കണം. കെട്ടിടത്തിന് ഭംഗിയും, ദൃഢതയും, ദീർഘകാലം നിലനിൽക്കാനുള്ള ശക്തിയും നൽകുന്നത് സിമന്റാണെന്നറിയാമല്ലോ. ആ സിമന്റുപോലെ ജീവിതമൂല്യങ്ങൾ ആധുനിക അറിവിനോടൊപ്പം ചേർത്ത് ജീവിതം ദീർഘകാലം ദൃഢതയും സുന്ദരവുമാക്കിത്തീർക്കുവാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും സാധിക്കണം. നിങ്ങളുടെ വൃദ്ധരായ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവരെ നിങ്ങൾ എങ്ങിനെ പരിചരിക്കുന്നു എന്നു പ്രത്യക്ഷമായി കണ്ടുകൊണ്ടാണ് നിങ്ങളുടെ മക്കൾ വളരുന്നതെന്ന് നിങ്ങളറിയണം. നിങ്ങളുടെ മക്കൾ നിങ്ങളോട് പെരുമാറുന്നത് എന്നറിയണം. ഭാരതീയ വിദ്യാവിഹാറിലും ഭാരതീയ ശിശുവിഹാറിലും പഠിക്കുന്ന നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കാവുന്ന എല്ലാ നന്മകളും മൂല്യങ്ങളും, അറിവുകളും ഇവിടെ നിന്നും നൽകുവാൻ ഞങ്ങൾ സന്നദ്ധരാണെന്നുറപ്പു നൽകുന്നു.



Scanned with CamScanner

# പവിത്രഭാരതം

ഇതായിരിക്കട്ടെ ഒരോ വിദ്യാർത്ഥിയുടേയും പ്രാർതഥന. മാതാപിതാക്കൾ മക്കളെ പഠിപ്പിക്കേണ്ട പ്രാർത്ഥനയും ഇതാണ്. അദ്ധ്യാപകർ വിദ്യാർത്ഥികളുടെ മനസ്സിൽ നിറയ്ക്കേണ്ടതും ഈ ആഗ്രഹമാണ്.

* "ലോകരാഷ്ട്രങ്ങളിൽ ഭാരതത്തിന് ഉന്നതമായ ഒരു സ്ഥാനം നേടിയെടുക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു ഞാൻ".

* "ഭാരതത്തിൽ ജീവിച്ച് എന്തെങ്കിലും ചെയ്യുവാൻ സാധിച്ചാൽ ഈ ജീവിതം സഫലമായി എന്നു ഞാൻവിശ്വസിക്കും".

* "ഇനിയൊരു നൂറുജന്മമുണ്ടെങ്കിൽ അത് ഈ ഭാരതഭൂമിയിലായിരുന്നു എങ്കിൽ എന്ന് ഞാൻ കൊതിക്കുന്നു".

* "എന്റെ മാതൃഭൂമിയുടെ ചൈതന്യം എന്നിലൂടെ പുനർ ജീവിക്കട്ടെ".

* "ഏതു മാതൃഭൂമിയുടെ മണ്ണുകൊണ്ടാണോ എന്റെ ശരീരം നിർമ്മിക്കപ്പെട്ടത് ആ മാതൃഭൂമിയുടെ സമ്പൽസമൃദ്ധിക്കായി എന്റെ ശരീരം അർപ്പിക്കട്ടെ".

ജഗദീശ് ചന്ദ്രബോസ്

Scanned with CamScanner